بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 9

വാർഷിക വരിസംഖ്യ 600 രൂപ

ലക്കം 14

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഏപ്രിൽ 4/ ഹി.ശം 1403 ശഹാദത്ത് 4/1445 റമളാൻ 24

## അല്ലാഹുവിന്റെ വചനം

اِنۡفِرُوۡا خِفَافًا وَّ ثِقَالًا وَّ جَاہِدُوۡا بِاَمۡوَالِکُمۡ وَ اَنۡفُسِکُمۡ فِیۡ سَبِیۡلِ اللّٰہِ ؕ ذٰلِکُمۡ خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ ﴿۴۱﴾

ഭാരം കുറഞ്ഞവരായും ഭാരം കൂടിയവരായും(യുദ്ധത്തിന്)പുറപ്പെടുക. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ധനവും ജീവനുംകൊണ്ട് പൊരുതുകയും ചെയ്യുക. നിങ്ങൾ അറിയുന്നെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്.

(വിശുദ്ധ ഖുർആൻ 9:41)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## ആജ്ഞാനുവർത്തിയേയും അനുസരണക്കേട് കാണിക്കുന്നവനേയും തമ്മിൽ വ്യത്യാസപ്പെടുത്തുന്നതിന് ഈ നോമ്പുകൾ തുലാസിന്റെ കൽപ്പന ഉൾക്കൊള്ളുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മുസ്‌ലിമീങ്ങൾതന്നെ ശരീഅത്തിനെ നിന്ദിക്കുന്നുവെന്നതാണ് വേദനാജനകമായ കാര്യം. നോക്കുക! ഈ ദിനങ്ങളിൽ നോമ്പുപിടിച്ചവർ മെലിഞ്ഞവരായിട്ടില്ല. അവഗണനയോടുകൂടി ഈ മാസം കഴിച്ചുകൂട്ടിയവർ കുറച്ചു തടിച്ചവരായിട്ടുമില്ല. അവരുടേയും സമയം കഴിഞ്ഞുപോയി. ഇവരുടേയും കാലം ഴിഞ്ഞുപോയി. ശീതകാലത്തെ നോമ്പായിരുന്നു. വെറും ഭക്ഷണസമയത്തിന്റെ ഒരു മാറ്റമായിരുന്നു. ഏഴെട്ട്മണിക്ക് തിന്നില്ല. നാലഞ്ച് മണിക്ക് തിന്നു. ഇത്രമാത്രം ഇളവുണ്ടായിട്ടും ഒരുപാടാളുകൾ അല്ലാഹുവിന്റെചിഹ്നങ്ങളെ ബഹുമാനിച്ചില്ല. അല്ലാഹുവിന്റെ നിർബന്ധമായും ആദരിക്കേണ്ട അതിഥിയായ റമളാൻ മാസത്തെ നിന്ദ്യതയോടെ കണ്ടു. ഇത്രമാത്രം സുഗമമായ മാസങ്ങളിൽ റമളാന്റെ വരവ് ഒരു തരത്തിലുള്ള അളവുകോൽ ആയിരുന്നു. ആജ്ഞാനുവർത്തിയേയും അനുസരണക്കേട് കാണിക്കുന്നവനേയും തമ്മിൽ വ്യത്യാസപ്പെടുത്തുന്നതിന് ഈ നോമ്പുകൾ തുലാസിന്റെ കൽപ്പന ഉൾക്കൊള്ളുന്നു. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് എളുപ്പമുണ്ടായിരുന്നു. ഭരണകൂടം എല്ലാ തരത്തിലുള സ്വാതന്ത്ര്യവും നല്കിവെച്ചിരുന്നു. പലതരത്തിലുള്ള പഴവർഗങ്ങളും ഭക്ഷണങ്ങളും ലഭിക്കുന്നു. ആനന്ദത്തിന്റേയും സൗഖ്യത്തിന്റേയും ഒരു സാധനവും ഇന്ന് ലഭിക്കാത്തതായില്ല. എന്നിട്ടും വകവെക്കാതിരിക്കാനുള്ള കാരണമെന്താണ്? അതിന്റെ കാരണം മനസ്സുകളിൽ അല്ലാഹുവിലുള്ള വിശ്വാസം അവശേഷിച്ചിട്ടില്ലെന്നതാണ്. അഹോ കഷ്ടം!അല്ലാഹുവിനെ ഒരു തോട്ടിക്കു തുല്യംപോലും പരിഗണിക്കുന്നില്ല. അതായത് അല്ലാഹുവുമായി ഒരിക്കലും ബന്ധപ്പെടേണ്ടി വരികയില്ലെന്നും അവനുമായി ഒരിക്കലും ഇടപാടൊന്നുമുണ്ടാകുകയില്ലെന്നും അവന്റെ കോടതിയുടെ മുന്നിൽ പോകേണ്ടതെയില്ലെന്നുമുള്ള വിചാരമാണ്. കഷ്ടം! സത്യനിഷേധികൾ ആലോചിക്കുകയും ചിന്തുക്കുകയും ചെയ്തിരുന്നെങ്കിൽ;അതായത് കോടിക്കണക്കിന് സൂര്യന്മാരുടെ പ്രകാശത്തെക്കാളുപരി ദൈവാസ്തികൃത്തിനുള്ള തെളിവുകളുണ്ട്. ഖേദിക്കേണ്ടകാര്യമാണ്, ഒരു ചെരുപ്പ് കണ്ടിട്ട് അതുണ്ടാക്കിയ ആരോ ഉണ്ടെന്ന് ദൃഢഗാഢമായ നിലയിൽ മനസ്സിലാക്കുന്നു. എന്നാൽ, ദൈവത്തിന്റെ അറ്റമില്ലാത്തത്ര സൃഷ്ടികളെ കണ്ടിട്ടും അവനിൽ വിശ്വസിക്കാതിരിക്കുന്നത്, അല്ലെങ്കിൽ ഇല്ലാത്തതിനു തുല്യമായ ഈമാൻ കൊണ്ടുനടക്കുന്നത് എത്രമാത്രം ഭാഗ്യദോഷമാണ്.

(മൽഫൂദാത്ത് വാല്യം 1, പേജ് 431, പ്രസാധനം 2018 ഖാദിയാൻ)

## ക്ഷീണം തുടങ്ങിയവയെ നോമ്പുവിടാനുള്ള തന്ത്രമാക്കുന്നു. വാസ്തവത്തിൽ അതു സഹിക്കാനുള്ള ശീലമുണ്ടാക്കുന്നതിനാണ് നോമ്പു വെച്ചിട്ടുള്ളത്. നോമ്പു പിടിക്കുന്നത് മനുഷ്യന് ഒരു ബുദ്ധിമുട്ടും ക്ഷീണവും ഉണ്ടാകാതിരിക്കാനല്ല. പ്രത്യുത നോമ്പു പിടിക്കുന്നത് ക്ഷീണം സഹിക്കുന്നതിനുള്ള ശീലമുണ്ടാകുന്നതിനാണ്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാനീഅൽമുസ്‌ലിഹ്മൗഊദ്(റ) പറയുന്നു:

നോമ്പിനെ കുറിച്ച് ശരീഅത്ത് അഥവാ ന്യായപ്രമാണം വളരെ താക്കീതു ചെയ്തിരിക്കുന്നു. അതിനെസംബന്ധിച്ച് അതിരുകടന്നുള്ള കാഠിന്യം ഉചിതമല്ല. അതുപോലെ തന്നെ അതിരുകടന്നുള്ള അലിവും ഉചിതമല്ല. അതുകൊണ്ട് ജീവനുവരെ ഭീഷണിയാകുന്നതരത്തിലുള്ള കാഠിന്യവും പാടില്ല. ന്യായപ്രമാണത്തിന്റെ കൽപ്പനകൾ നിന്ദ്യക്കപ്പെടും വിധം അലിവും കൈക്കൊള്ളരുത്. ഉത്തരവാദിത്വങ്ങളെ തന്ത്രംകൊണ്ട് ഒഴിവാക്കാനും പാടില്ല. ക്ഷീണമെന്ന ഒഴികഴിവു പറഞ്ഞ് നോമ്പു പിടിക്കാത്തവരായി ധാരാളമാളുകളെ ഞാൻ കണ്ടിട്ടുണ്ട്. നോമ്പു പിടിച്ചാൽ വയറിളക്കമുണ്ടാകുന്നുവെന്ന് ചിലർ പറയുന്നു. വാസ്തവത്തിൽ വയറിളക്കമുണ്ടാകുമെന്ന് പറയുന്നത് നോമ്പു ഉപേക്ഷിക്കാനുള്ള മതിയായ കാരണമൊന്നുമല്ല. വയറിളക്കമുണ്ടാകാത്തതുവരെ നോമ്പു പിടിക്കുക എന്നത് മനഷ്യന് നിർബന്ധമാണ്. വയറിളക്കമുണ്ടായാൽ അപ്പോൾപ്പിന്നെ നോമ്പ് വിട്ടുകൊള്ളുക. ഇപ്രകാരംതന്നെ നോമ്പു പിടിക്കുന്നതുകൊണ്ട് തങ്ങൾക്ക് ക്ഷീണമുണ്ടാകുന്നുവെന്ന് ചിലർ പറയാറുണ്ട്. എന്നാൽ, ഇതും എന്തെങ്കിലും തെളിവല്ല. എന്തെങ്കിലും ക്ഷീണം കാരണത്താൽ ഡോക്ടർ നോമ്പു പിടിക്കുന്നത് തടയുന്നതുവരെ നോമ്പ് പിടിക്കേണ്ടതാണ്. ഇല്ലെങ്കിൽ ചിലയാളുകൾ പറയുന്നതുപോലെ എപ്പോഴും ക്ഷീണിതരായിത്തന്നെയിരിക്കും. അപ്പോൾ അയാളൊരിക്കലും നോമ്പു പിടിക്കണ്ടെന്നാണോ? എനിക്ക് രണ്ടരയോ മൂന്നോ വയസ്സായിരുന്നുപ്രായം. വില്ലൻച്ചുമ ഉണ്ടായതുമുതൽ എന്റെ ആരോഗ്യം മോശമാണ്. അത്തരം ക്ഷീണത്തെ തന്ത്രമാക്കുകയായിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ ഒരു നോമ്പുപോലും പിടിക്കാൻ എനിക്ക് അവസരം കിട്ടുമായിരുന്നില്ല. ക്ഷീണം തുടങ്ങിയവ നോമ്പുവിടാനുള്ള തന്ത്രമാക്കുന്നു. വാസ്തവത്തിൽ അതു സഹിക്കാനുള്ള ശീലമുണ്ടാക്കുന്നതിനാണ് നോമ്പു വെച്ചിട്ടുള്ളത്. ഇതെങ്ങനെയുള്ള കാര്യമാണെന്നാൽ, നമസ്കാരം തിന്മയേയും ദുഷ്കർമങ്ങളേയും തടയുന്നുവെന്ന്

(ശേഷം പേജ് 9ൽ)

## തിരുനബിയുടെ തിരുമൊഴികൾ

**റമളാന്റെ രാത്രി എഴുന്നേറ്റ് നമസ്കരിക്കൽ:**

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. ആരെങ്കിലും ഈമാനിന്റെ തേട്ടങ്ങൾ പൂർത്തീകരിച്ചുകൊണ്ടും തന്റെ ആത്മാവിന്റെ കണക്കെടുത്തുകൊണ്ടും റമളാനിന്റെ രാത്രി എഴുന്നേറ്റ് നമസ്കരിച്ചാൽ അവൻ ചെയ്തിട്ടുള്ള പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്.(ബു്ാരി കിതാബുസ്സൗം, ബാബു ഫള്‌ലു മൻഖാമ റമളാന)

**റമളാന്റെ അവസാനത്തെ പത്തിൽ ഇഅ്തിക്കാഫ് ഇരിക്കൽ:**

ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി മരിക്കുന്നതുവരെ റമളാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ മരണശേഷം അവിടത്തെ പത്നിമാരും ഇഅ്തികാഫ് ഇരന്നുകൊണ്ടിരുന്നു. (ബുഖാരി കിതാബുൽ ഇഅ്തികാഫ)

**കളവിൽനിന്ന് വിട്ടുനിൽക്കൽ:**

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:വല്ലവനും കളവു പറയലും അതു പ്രവർത്തിക്കലും ഉപേക്ഷിക്കാത്ത പക്ഷം അവൻ തന്റെ ഭക്ഷണവും പാനീയവും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് ഒരു ആവശ്യവുമില്ല. (ബുഖാരി, കിതാബുസ്സൗം )




## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 മാർച്ച് 1 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ അയർലന്റെ പര്യടനം

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ഹദ്റത്ത് ഹിന്ദ്(റ) പറഞ്ഞു: നബി(സ)തിരുമേനി സുഖമായിരിക്കുന്നു. നബി(സ)തിരുമേനിക്കു ശേഷം എല്ലാ മുസ്വീബത്തും എളുപ്പമായിത്തീരുന്നതാണ്.
- നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഹംസയുടെ വേർപാടിൽ ഉണ്ടായിരുന്ന വേദന അവസാനസമയംവരേയും നിലനിന്നിരുന്നു. എപ്പോഴും അതേപറ്റി പറയുകയും ചെയ്തിരുന്നു.
- മരിച്ചവരുടെ അപദാനങ്ങൾ വിളിച്ചു പറഞ്ഞ് അലമുറയിട്ട് കരയുന്നതിനെ നബി(സ)തിരുമേനി എത്രമാത്രം യുക്തിസഹമായ രീതിയിലാണ് തടഞ്ഞതെന്ന് നോക്കുക
- നുസയ്ബ മാസിനിയ അതായത് ഉമ്മു ഉമാറയെ കൂടാതെ മറ്റൊരു സ്ത്രീയെ കുറിച്ചും ഉഹുദ് ദിവസം യുദ്ധത്തിൽ പങ്കെടുത്തതായി തെളിയുന്നില്ല.
- ഹദ്റത്ത് ഉമ്മു ഉമാറ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: ഞങ്ങൾക്കുവേണ്ടി ഞങ്ങൾ സ്വർഗത്തിലും അങ്ങയോടൊപ്പം ഉണ്ടാകാൻ ദുആ ചെയ്താലും. നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവേ! ഇവരെ സ്വർഗത്തിൽ എന്റെ കൂട്ടുകാരാക്കേണമേ. ഹദ്റത്ത് ഉമ്മു ഉമാറ പറയുന്നു: ഇനി എന്നിൽ  ഈ ലോകത്തെന്താണ് സംഭവിക്കുക എന്നതിനെ കുറിച്ച് ഒരു അസ്വസ്ഥതയുമില്ല
- ഉഹുദുയുദ്ധത്തിനുശേഷം ശഹീദായ സ്വഹാബാക്കളുടെ ഖബ്റടക്കവും സ്ത്രീസ്വഹാബിമാരുടെധൈര്യവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും കൂറിന്റേയും  വിശ്വാസം ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ചയും.
- ബഹുമാനപ്പെട്ട ഗസ്സാൻ ഖാലിദുന്നഖീബ് സാഹിബ്, മുറബ്ബിയെ സിൽസില ജലീസ് അഹ്മദ് സാഹിബിന്റെ ഭാര്യ നൗശാബ മുബാറക് സാഹിബ, അബ്ദുൽഹമീദ് ഖാൻ സാഹിബിന്റെ ഭാര്യ റളിയ സുൽത്വാന സാഹിബ, ഡോക്ടർ മുഹമ്മദ് സലീം സാഹിബിന്റെ ഭാര്യ ബുശ്റാ ബീഗം സാഹിബ. നോർവേയിലെ റശീദ് അഹ്മദ് ചൗദ്രി സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ 2024 മാർച്ച് 1/1403 അമാൻ 1**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഉഹുദ് യുദ്ധാവസ്ഥകളെ സംബന്ധിച്ച് പറയുന്നു:

നബി(സ)തിരുമേനി പരിക്കേറ്റവരേയും ശഹീദുമാരേയും ഒരുമിച്ചുകൂട്ടി. പരിക്കേറ്റവരുടെ മുറിവുകൾ മരുന്നുവെച്ചുകെട്ടി. ശുഹദാഇനെ ഖബ്റടക്കാനുള്ള ഒരുക്കങ്ങളും ചെയ്തു. അക്രമികളായ മക്കയിലെ കാഫിരീങ്ങൾ ചില മുസ്ലിം ശുഹദാഇന്റെ കാതും മൂക്കും ഛേദിച്ചിട്ടുണ്ടെന്ന് അപ്പോഴാണ് നബി(സ)തിരുമേനിക്ക് മനസ്സിലായത്. കാതും മൂക്കും ഛേദിക്കപ്പെട്ടവരിൽ നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹംസത്തും (റ)ഉണ്ടായിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ നബി(സ)തിരുമേനിക്ക് വല്ലാത്ത വിഷമമുണ്ടായി. അവിടന്ന് പറഞ്ഞു: കാഫിരീങ്ങൾ തങ്ങളുടെ ചെയ്തിയിലൂടെ ഇതിനുള്ള പ്രതികാരം നമുക്ക് അനുവദനീയമാക്കിയിരിക്കുന്നു. പക്ഷേ, അതിനെ നമ്മൾ അനുവദനീയമായി മനസ്സിലാക്കുന്നില്ല. എന്നാൽ, ആ സമയത്ത് നബി(സ)തിരുമേനിക്ക് വഹ്യുണ്ടായി: അവിശ്വാസികൾ എന്തൊന്നാണോ ചെയ്യുന്നത് അത് അവർ ചെയ്തുകൊള്ളട്ടെ. നിങ്ങൾ എപ്പോഴും കാരുണ്യത്തിന്റേയും നീതിയുടേയും കോന്തല മുറുകെ പിടിക്കുവിൻ!(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ് 254-255).

ഇതാണ് ഇസ്ലാമിന്റെ അധ്യാപനം. ഹദ്റത്ത് ഹംസ(റ)യുടെ കഫൻ ചെയ്തതിനേയും ഖബ്റടക്കിയതിനേയും സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് ഹംസയെ ഒരൊറ്റ വസ്ത്രത്തിലാണ് കഫൻ ചെയ്തത്. നേരത്തെയും ഹ്രസ്വമായി എന്നല്ല വിശദീകരിച്ചുതന്നെ ഇതു പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ, അതിൽ ചില കാര്യങ്ങൾ വന്നിട്ടുണ്ടായിരുന്നില്ല. തലഭാഗം മറയുമ്പോൾ കാൽ ഭാഗത്തുനിന്ന് തുണി മാറിപോകുമായിരുന്നു. കാലിന്റെ ഭാഗത്ത് തുണി വലിച്ചിടുമ്പോൾ മുഖത്തുനിന്ന് തുണി മാറിയിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അദ്ദേഹത്തിന്റെ മുഖം മറക്കുകയും കാലിൽ ഹർമൽ അല്ലെങ്കിൽ അദ്ഖറിന്റെ പുല്ല് വെക്കുകയും ചെയ്യുക.'ഹദ്റത്ത് ഹംസയേയും അദ്ദേഹത്തിന്റെ സഹോദരീ പുത്രനായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനേയും ഒരു ഖബ്റിലാണ് അടക്കം ചെയ്തത്. നബി(സ)തിരുമേനി ആദ്യം ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കരിപ്പിച്ചു.(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 6-7, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990)(മുസനദ് അഹ്മദ്, വാള്യം 7, പേജ് 72, ഹദീഥ് 21387, പ്രസാധാനം ആലമുൽകുതുബ് ബെയ്റത്ത് 1998)

ഈ ശുഹദാഇന്റെ ജനാസ നമസ്കരിച്ചുവോ ഇല്ലയോ എന്ന ചർച്ച കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചതാണ്.

മരിച്ചവരുടെ അപദാനങ്ങൾ വിളിച്ചു പറഞ്ഞ് അലമുറയിട്ടു കരയുന്നതിനെ നബി(സ)തിരുമേനി എത്രമാത്രം യുക്തിസഹമായ രീതിയിലാണ് തടഞ്ഞതെന്ന് നോക്കുക. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. നബി(സ)തിരുമേനി ഉഹുദിൽനിന്ന് തിരിച്ചുവരുമ്പോൾ, അൻസ്വാർ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരുടെ വേർപാടിൽ അലമുറയിട്ട് കരഞ്ഞ് വിലപിക്കുന്നുണ്ടെന്ന് കേട്ടു. നബി(സ)തിരുമേനി ചോദിച്ചു:

'ഹംസക്ക് വേണ്ടി കരയാൻ ആരുമില്ലേ?'

അൻസ്വാർ സ്ത്രീകൾ ഇതറിഞ്ഞപ്പോൾ  ഹംസയുടെ ശഹാദത്തിൽ ഒരുമിച്ചുകൂടി. നബി(സ)തിരുമേനിക്ക് ഇതിനിടയിൽ ഉറക്കം വന്നു. മസ്ജിദിൽനിന്ന് അല്പം അകലെയാണെന്നാണ് തോന്നുന്നത്. നബി(സ)തിരുമേനി  ഉണർന്നപ്പോൾ സ്ത്രീകൾ കരഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു. അവിടന്ന് ചോദിച്ചു:

'ഇന്ന് ഇവർ ഹംസയുടെ പേരുപറഞ്ഞ് കരഞ്ഞുകൊണ്ടേയിരിക്കുമോ?  നിറുത്തുകയില്ലേ? അവരോട് പിരിഞ്ഞുപോകാൻ പറയുക.'

അങ്ങനെ നബി(സ)തിരുമേനി അവരോട് പിരിഞ്ഞുപോകാനും ഇന്നേക്കുശേഷം മരണപ്പെട്ട ആർക്കുവേണ്ടിയും അലമുറയിട്ടു കരയരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തു.  (മുസനദ് അഹ്മദ്, വാള്യം 7, പേജ് 418-419, ഹദീഥ് 5563, പ്രസാധനം ആലമുൽകുതുബ് ബെയ്റത്ത് 1998)

ഇങ്ങനെ നബി(സ)തിരുമേനി മരണപ്പെട്ടവർക്കുവേണ്ടി അലമുറയിട്ടുകരയുന്നത് അനുവദനീയമല്ലെന്ന് പ്രഖ്യാപിക്കുകയും എല്ലാത്തരം കണ്ണീരും അവസാനിപ്പിക്കുകയും ചെയ്തു. വളരെ യുക്തിസഹമായി നബി(സ)തിരുമേനി  അൻസ്വാർ സ്ത്രീകളുടെ വികാരങ്ങളെ മാനിക്കുകയും ചെയ്തു. അവരെ തങ്ങളുടെ ഭർത്താക്കന്മാരുടേയും സഹോദരന്മാരുടേയും വേർപാടിൽ കരയുന്നതിൽനിന്ന് തടയുന്നതിനു പകരം ഹദ്റത്ത് ഹംസയെ പറ്റിയാണ് പറഞ്ഞത്. അദ്ദേഹത്തിനുവേണ്ടി കരയാൻ ആരുമില്ലായിരുന്നു. ഹദ്റത്ത് ഹംസയെ(റ) ശഹാദത്തിനുശേഷം മൃതദേഹം അനാദരിച്ചത് കണ്ടപ്പോൾ നബി(സ)തിരുമേനിക്ക് അതീവ ദുഃഖമുണ്ടായി. പക്ഷേ, അൻസ്വാർ സ്ത്രീകൾ കണ്ണീർ നിറുത്തുന്നില്ലെന്ന് കണ്ടപ്പോൾ നബി(സ)തിരുമേനി ഈയൊരു ആചാരത്തെ തന്നെ അവസാനിപ്പിക്കുകയുണ്ടായി. സ്വന്തം മാതൃക കാണിക്കുകയും അവരോട് ക്ഷമ കൈക്കൊള്ളാൻ ഉപദേശിക്കുകയും ചെയ്തു. ഈ ഉപദേശം ഫലപ്രദമായിരുന്നു. അതേസമയം നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഹംസയുടെ വേർപാടിൽ ഉണ്ടായിരുന്ന വേദന അവസാനസമയംവരേയും നിലനിന്നിരുന്നു. എപ്പോഴും അതേപറ്റി പറയുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഹംസ(റ)യുടെ ശഹാദത്തിൽ, ഹദ്റത്ത് കഅ്ബ് ബിൻ മാലിക്(റ)തന്റെ വിലാപകാവ്യത്തിൽ പറഞ്ഞിരുന്നു:

> എന്റെ കണ്ണുകൾ കണ്ണീരൊഴുക്കുന്നു. ഹംസയുടെ മരണത്തിൽ അവർക്ക് ഉചിതമായ നിലയിൽ വിലപിക്കാൻ അവകാശവുമുണ്ട്. എന്നാൽ, അല്ലാഹുവിന്റെ സിംഹത്തിന്റെ മരണത്തിൽ കരഞ്ഞു വിലപിച്ചതുകൊണ്ടും മുറവിളി കൂട്ടിയതുകൊണ്ടും എന്തു കിട്ടാനാണ്? ദൈവത്തിന്റെ സിംഹമായ ഹംസ രാവിലെ

ശഹീദായപ്പോൾ ലോകംതന്നെ പറഞ്ഞു. ഈ യോദ്ധാവാണ് ശഹീദ്!(ഉസദുൽഗാബ, വാല്യം 2, പേജ് 69, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2003)

ഹദ്റത്ത് മുസ്അബിന്റെ ഖബറടക്കത്തെപ്പറ്റി പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ മൃതശരീരം കമഴ്ന്നുകിടക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ അടുക്കൽനിന്ന് ഈ ആയത്ത് പാരായണം ചെയ്തു:*മിനൽമുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി ഫമിൻഹും മ്മൻഖളാ നഹ്ബഹു വമിൻഹും മ്മൻയ്യൻതളിർ വമാ ബദ്ദലൂ തബ്ദീലാ(33:24)* അല്ലാഹുവുമായിച്ചെയ്ത കരാർ പാലിച്ച ചില യാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ,(ജീവനർപിച്ച്) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റിയിരിക്കുന്നു. അവരിൽ മറ്റു ചിലർ(അതിന്) അവസരം പാർത്തിരിക്കുകയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ)ഒരു മാറ്റവും വരുത്തിയിട്ടുമില്ല.

തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു:*ഇന്ന റസൂലല്ലാഹി യശ്ഹദു അന്നക്കുമുശ്ശുഹദാഉ ഇൻദല്ലാഹി യൗമൽഖിയാമത്തി* നിങ്ങൾ ഖിയാമത്ത് ദിവസവും അല്ലാഹുവിന്റെ സവിധത്തിൽ ശുഹദാക്കളായിരിക്കുമെന്ന് അല്ലാഹുവിന്റെ റസൂൽ സാക്ഷ്യം വഹിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു: അവരെ സന്ദർശിച്ച് അവർക്ക് സലാം പറയുക. ആരുടെ കൈകളിലാണോ എന്റെ ജീവനുള്ളത് അവനാണ! ആരാണോ അവർക്ക് സലാം പറയുന്നത് ഖിയാമത്തുന്നാൾവരേയും ഇവർ അവരുടെ സലാമിന് മറുപടി നൽകുന്നതായിരിക്കും. ഹദ്റത്ത് മുസ്അബിന്റെ സഹോദരൻ ഹദ്റത്ത് അബൂറൂം ബിൻ ഉമയ്ർ, ഹദ്റത്ത് സുവയ്ബിത് ബിൻ സഅ്ദ്, ഹദ്റത്ത് ആമിർ ബിൻ റബീഅ എന്നിവരാണ് ഹദ്റത്ത് മുസ്അബിനെ ഖബറിൽ ഇറക്കിയത്.(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 89–90, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, 1990)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:

ഉഹുദിലെ ശഹീദുമാരിലൊരാൾ മുസ്അബ് ബിൻ ഉമയ്റാകുന്നു. ഇദ്ദേഹമാണ് ഇസ്‌ലാമിലെ ആദ്യത്തെ മുബല്ലിഗായി മദീനയിലെത്തിയത്. ജാഹിലിയാ കാലഘട്ടത്തിൽ ഹദ്റത്ത് മുസ്അബ് മക്കയിലെ യുവാക്കൾക്കിടയിൽ ഏറ്റവും മുന്തിയവസ്ത്രം ധരിച്ചയാളും ആഢ്യകുലീനനുമായി മനസ്സിലാക്കപ്പെട്ടിരുന്നു. അദ്ദേഹം വളരെയേറെ ഭൗതികാനുഗ്രഹങ്ങളിലാണ് കഴിച്ചുകൂട്ടിയിരുന്നത്. ഇസ്‌ലാം സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ അവസ്ഥകൾ തികച്ചും മാറിപ്പോയി. നിവേദനത്തിൽ പറയുന്നു: ഒരിക്കൽ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കണ്ഠംവച്ചകോട്ട് കണ്ടപ്പോൾ മുസ്അബിന്റെ പഴയകാലം ഓർമവരികയും അങ്ങനെ അവിടത്തെ കണ്ണുകൾ ഈറനണിയുകയും ചെയ്തു. ഉഹുദിൽ മുസ്അബ് ശഹീദായപ്പോൾ ശരീരം മുഴുവൻ മറയ്ക്കാൻ പറ്റുന്ന വസ്ത്രംപോലും അദ്ദേഹത്തിന്റെ പക്കലില്ലായിരുന്നു. കാൽ മറച്ചാൽ തലയും തലമറച്ചാൽ കാലും വെളിയിലാകുമായിരുന്നു. നബി(സ)തിരുമേനിയുടെ കൽപനയാൽ തലഭാഗം തുണികൊണ്ട് മറയ്ക്കുകയും കാലിന്റെ ഭാഗത്ത് പുല്ലു വെച്ച് മറക്കുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 501)

ഉഹുദുദിവസം യുദ്ധത്തിനുശേഷം നബി(സ) തിരുമേനി ഒരു ദുആയും ചെയ്തു. അതേപറ്റി പറയുന്നു: ഹദ്റത്ത് രിഫാഅ ബിൻ റാഫിഅ് സുറഖി(റ)നിവേദനം. നബി(സ)തിരുമേനി സ്വഹാബാക്കളെ മറയടക്കിയതിനുശേഷം തന്റെ കുതിരപ്പുറത്ത് യാത്രയായി. മുസ്‌ലിമീങ്ങൾ നബി(സ) തിരുമേനിക്കു ചുറ്റുമുണ്ടായിരുന്നു. അധികംപേരും പരിക്കുപറ്റിയവരായിരുന്നു. ബനൂ സലമയുടേയും ബനൂ അബ്ദുൽ അശഹ്‌ലിന്റേയും പരിക്കുകൾ കൂടുതലായിരുന്നു. നബി(സ)തിരുമേനിയുടെ കൂടെ 14 സ്ത്രീകളുമു ണ്ടായിരുന്നു. അവിടന്ന് ഉഹുദ് (മലയുടെ)താഴെ എത്തിയപ്പോൾ പറഞ്ഞു: നിങ്ങളെല്ലാവരും സ്വഫ്ഫായി നിൽക്കുവിൻ. ഞാനെന്റെ നാഥനെ സ്തുതികീർത്തനം ചെയ്യുന്നതാണ്. നബി(സ)തിരുമേനിയുടെ പിന്നിൽ പുരുഷന്മാരും അവർക്ക് പിന്നിൽ സ്ത്രീകളും അണിയണിയായി നിന്നു. അവിടന്ന് ഇപ്രകാരം ദുആ ചൊല്ലി.

اَللّٰهُمَّ لَكَ الْحَمْدُ كُلُّهُ، اَللّٰهُمَّ لَا قَابِضَ لِمَا بَسَطْتَ، وَلَا بَاسِطَ لِمَا قَبَضْتَ، وَلَا هَادِيَ لِمَنْ أَضْلَلْتَ، وَلَا مُضِلَّ لِمَنْ هَدَيْتَ، وَلَا مُعْطِيَ لِمَا مَنَعْتَ وَلَا مَانِعَ لِمَا أَعْطَيْتَ، وَلَا مُقَرِّبَ لِمَا بَاعَدْتَ وَلَا مُبْعِدَ لِمَا قَرَّبْتَ، اَللّٰهُمَّ ابْسُطْ عَلَيْنَا مِنْ بَرَكَاتِكَ وَرَحْمَتِكَ وَفَضْلِكَ وَرِزْقِكَ اَللّٰهُمَّ إِنَّا نَسْأَلُكَ النَّعِيمَ الْمُقِيمَ الَّذِي لَا يَحُولُ وَلَا يَزُولُ، اَللّٰهُمَّ إِنَّا نَسْأَلُكَ النَّعِيمَ يَوْمَ الْعَيْلَةِ۔ اَللّٰهُمَّ إِنَّا نَسْأَلُكَ الْأَمْنَ يَوْمَ الْخَوْفِ وَالْغِنٰى يَوْمَ الْفَاقَةِ اَللّٰهُمَّ إِنِّي عَائِذٌ بِكَ مِنْ شَرِّ مَا أَعْطَيْتَنَا وَمِنْ شَرِّ مَا مَنَعْتَنَا اَللّٰهُمَّ حَبِّبْ إِلَيْنَا الْإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ وَاجْعَلْنَا مِنَ الرَّاشِدِينَ، اَللّٰهُمَّ تَوَفَّنَا مُسْلِمِينَ وَأَحْيِنَا مُسْلِمِينَ، وَأَلْحِقْنَا بِالصَّالِحِينَ غَيْرَ خَزَايَا وَلَا مَفْتُونِينَ، اَللّٰهُمَّ قَاتِلِ الْكَفَرَةَ الَّذِينَ يُكَذِّبُونَ رُسُلَكَ وَيَصُدُّونَ عَنْ سَبِيلِكَ، وَاجْعَلْ عَلَيْهِمْ رِجْزَكَ وَعَذَابَكَ، اَللّٰهُمَّ قَاتِلِ الْكَفَرَةَ الَّذِينَ أُوتُوا الْكِتَابَ، إِلٰهَ الْحَقِّ۔ آمين

അല്ലാഹുവേ! സർവസ്തുതിയും നിനക്കാകുന്നു. അല്ലാഹുവേ! നീ വിശാലമാക്കിയത് തടയാൻ ആർക്കും സാധ്യമല്ല. നീ തടയുന്നത് ആർക്കും വിശാലമാക്കാനും കഴിയില്ല. നീ വഴികേടിലാക്കിയവർക്ക് സന്മാർഗം നൽകാനും ആർക്കും കഴിയില്ല. നീ സന്മാർഗം നൽകുന്നവരെ ആർക്കും വഴികേടിലാക്കാനും സാധ്യമല്ല. നീ തടയുന്ന കാര്യങ്ങൾ നൽകാൻ ആരുമില്ല. നീ നൽകുന്ന കാര്യങ്ങൾ തടയാനും ആർക്കും സാധ്യമല്ല. നീ അകറ്റുന്നവനെ ആർക്കും സമീപസ്ഥനാക്കാൻ കഴിയില്ല. നീ സമീപസ്ഥമാക്കിയവനെ ആർക്കും അകറ്റാനും കഴിയില്ല. അല്ലാഹുവേ! ഞങ്ങളിൽ നിന്റെ ബർക്കത്തുകളും റഹ്മത്തുകളും ഫള്‌ലുകളും ജീവിതവിഭവങ്ങളുംകൊണ്ട് വിശാലത ഉണ്ടാക്കേണമേ! അല്ലാഹുവേ! ഞങ്ങൾ നിന്നോടു ഒരിക്കലും തെന്നിപ്പോകാത്തതും മറഞ്ഞുപോകാത്തതുമായ നിലനില്ക്കുന്ന നിഅ്മത്തുകൾ ചോദിക്കുന്നു. അല്ലാഹുവേ ഞങ്ങൾ നിന്നോടു ഭയത്തിന്റെ ദിവസം സമാധാനം ചോദിക്കുന്നു. പട്ടിണിയുടെ ദിവസം ഐശ്വര്യവും ചോദിക്കുന്നു. അല്ലാഹുവേ! നീ നൽകിയ സാധനങ്ങളുടെ ഉപദ്രവത്തിൽനിന്ന് നിന്നിൽ അഭയം തേടുന്നു;അത് നീ ഞങ്ങൾക്ക് വിലക്കിയിട്ടുള്ളതാണ്. അല്ലാഹുവേ! വിശ്വാസം ഞങ്ങൾക്ക് പ്രിയങ്കരമാക്കേണമേ! അതിനെ ഞങ്ങളുടെ ഹൃദയത്തിന് അലങ്കാരമാക്കേണമേ, നിഷേധവും, പരിധിലംഘനവും, ധിക്കാരവും, ഞങ്ങൾക്ക് അപ്രിയമാക്കേണമേ! ഞങ്ങളെ നേർമാർഗത്തിൽ ചരിക്കുന്നവരാക്കേണമേ! അല്ലാഹുവേ! ഞങ്ങളെ മുസ്‌ലിമീങ്ങളായിരിക്കുന്ന അവസ്ഥയിൽ മരിപ്പിക്കേണമേ! മുസ്‌ലിമീങ്ങളായിരിക്കുന്ന അവസ്ഥയിൽ ഞങ്ങൾക്ക് പുനരുഥാനം നൽകേണമേ. ഞങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തരുതേ! അല്ലാഹുവേ! നിന്റെ ദൂതന്മാരെ കളവാക്കുന്ന നിഷേധികളേയും നിന്റെ മാർഗത്തിൽനിന്ന് വിലക്കുന്നവരേയും നശിപ്പിക്കേണമേ. അവർക്കുമേൽ നിന്റെ ശിക്ഷയും ഇറക്കേണമേ, അല്ലാഹുവേ, നിന്റെ ദാസന്മാരായ അഹ്‌ലെ കിത്താബിലെ കാഫിരീങ്ങളെ നശിപ്പിക്കേണമേ! (ആമീൻ).(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 227, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)

ഈ ദുആയാണ് നബി(സ)തിരുമേനി രാവിലെ എല്ലാവരേയും ഒരുമിച്ചുകൂട്ടി ചെയ്തത്.

ഉഹുദ് യുദ്ധത്തിൽ സ്ത്രീസ്വഹാബിമാരും പങ്കെടുത്തത് ഞാൻ നേരത്തേയും പറഞ്ഞതാണ്. കൂടുതലായി ചില കാര്യങ്ങൾ പറയാം. ഹദ്റത്ത് ഉമ്മു സലമയെ സംബന്ധിച്ച് നിവേദനങ്ങളിൽ പറയുന്നുണ്ട്, അവർ ഉഹുദുയുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് മുത്ത്വലിബ് ബിൻ അബ്ദുല്ലാഹ് ബിൻ ഹൻത്വബ്(റ)നിവേദനം. നബി(സ)തിരുമേനി ഉഹുദിലേക്ക് പുറപ്പെട്ട ദിവസം രാത്രിയിൽ മദീനക്കടുത്ത് ശയ്ഖയ്ൻ എന്ന സ്ഥലത്ത് രാത്രി തങ്ങിയിരുന്നു. അവിടേക്ക് ഹദ്റത്ത് ഉമ്മുസലമ(റ)പുഴുങ്ങിയ ഒരു ഭക്ഷണപദാർഥം കൊണ്ടുവരികയും നബി(സ)തിരുമേനി അത് കഴിക്കുകയും ചെയ്തു. അതുപോലെ നബീദും കൊണ്ടുവന്നിരുന്നു. നബി(സ)തിരുമേനി അത് കുടിക്കുകയും ചെയ്തു. (അത്ത്വബഖാത്തുൽകുബ്റാ വാല്യം 3, പേജ് 67, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990) നിവേദകൻ പറയുന്നു: എനിക്കുതോന്നുന്നത് അത് ഹരീറ പോലെയുള്ള ഒരു പാനീയമാണെന്നാണ്.

ഹദ്റത്ത് അനസ്(റ)നിവേദനം. ഉഹുദ് ദിവസം ഹദ്റത്ത് ആഇശ സിദ്ദീഖ(റ)യേയും എന്റെ മാതാവ് ഉമ്മു സുലയ്മിനേയും കണ്ടിരുന്നു. അവർ പാത്രങ്ങളിൽ വെള്ളം നിറച്ച് കൊണ്ടുവരികയും ദാഹമുള്ളവരെ കുടിപ്പിക്കുകയും ചെയ്തിരുന്നു. ബുഖാരിയുടെ നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അനസ് നിവേദനം. ഉഹുദുദിവസം ജനങ്ങൾ പരാജയപ്പെട്ട് നബി(സ)തിരുമേനിയിൽനിന്നകന്ന് ഒരുപാട് ദൂരെയായിപോയിരുന്നു. നിവേദകൻ പറയുന്നു: 'ഞാൻ ഹദ്റത്ത് ആഇശ ബിൻത് അബൂബക്റിനേയും ഹദ്റത്ത് ഉമ്മു സുലയ്മിനേയും കാണുകയുണ്ടായി. അവർ വസ്ത്രങ്ങൾ നല്ലപോലെ മുറുക്കിക്കെട്ടിയിരുന്നു. അവരുടെ കണങ്കാലിൽ പാദസരം കാണുന്നുണ്ടായിരുന്നു. അവർ വേഗം വേഗം വെള്ളം നിറച്ച തോൽപാത്രങ്ങൾ കൊണ്ടുവന്നിരുന്നു.'

മറ്റൊരു നിവേദനത്തിൽ പറയുന്നു: അവർ അങ്ങനെ വെള്ളം നിറച്ച തോൽപാത്രങ്ങൾ പുറത്തുവച്ചുകൊണ്ടുവരികയും പരിക്കേറ്റവരുടെ വായിൽ വെള്ളം ഒഴിച്ചുകൊടുക്കുകയും ചെയ്തിരുന്നു. അതായത് വെള്ളം കുടിപ്പിച്ചിരുന്നു. പിന്നെ തിരിച്ചുപോയി വെള്ളം കൊണ്ടുവരികയും ജനങ്ങളുടെ വായിൽ വെള്ളം ഒഴിച്ചുകൊടുക്കുകയും ചെയ്തിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽജിഹാദ്, ബാബു ഗസ്‌വത്തുന്നിസാഇ വഖ്ത്തൻ ലഹുന്ന മഅരിൽരിജാലി ഹദീഥ് 2880)

ഹദ്റത്ത് അബൂസയീദ് ഖുദ്‌രിയുടെ മാതാവ് ഉമ്മു സുലയ്ത്തു ദൂരെനിന്ന് തോൽപാത്രങ്ങളിൽ വെള്ളം നിറച്ച് കൊണ്ടുവരികയും മറുഭാഗത്ത് പരിക്കേറ്റവർക്കും ദാഹമുള്ളവർക്കും വെള്ളം കുടിപ്പിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് ഉമ്മു അത്വിയയും(റ)ഇതേ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ, മറ്റു ചില സ്ത്രീകൾ അമ്പും, വാളുകളുമേന്തി ശത്രുക്കളോടു നേർക്കുനേരെ യുദ്ധം ചെയ്യുകയുമുണ്ടായി. അവരിലൊരാളാണ് ഹദ്റത്ത് ഉമ്മു ഉമാറ(റ). കഴിഞ്ഞ ഖുത്വ്ബയിൽ പറഞ്ഞതുപോലെ, നബി(സ)തിരുമേനിയെ ഇബ്നു ഖമിയ ആക്രമിക്കുന്നതു കണ്ടപ്പോൾ ഒരുവിധ ഭയവും കൂടാതെ പ്രസ്തുത കുതിരപടയാളിക്കു

മുമ്പിൽ നേർക്കുനേർനിന്ന് പടപൊരുതി. അയാളെ പലപ്രാവശ്യം ആക്രമിച്ചുകൊണ്ട് പരാജയം സമ്മതിക്കാൻ നിർബന്ധിക്കുകയുണ്ടായി.(ഗസ്വാത്ത് വ സരായാ, മുഹമ്മദ് അള്ഹർ ഫരീദ് പേജ് 198, ഫരീദിയ പബ്ലിഷേഴ്സ് സാഹിവാൾ 2018)

ഇബ്നു അബീ ശയ്ബയും, ഇമാം അഹ്മദ് ബിൻ ഹമ്പലും അബ്ദുല്ലാഹ് ബിൻ മസ്ഊദിൽ നിന്ന് നിവേദനം. ഉഹുദുദിവസം സ്ത്രീകൾ, മുസ്‌ലിമീങ്ങൾക്കുപിന്നിൽ, മുശ്‌രികീങ്ങളിലെ പരിക്കേറ്റവരെ മരണക്കയത്തിലേക്ക് തള്ളിവിട്ടു.(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 203, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)

ചില സത്രീസ്വഹാബിമാർ ഉഹുദ് രണാങ്കണത്തിൽ യുദ്ധത്തിന് ശേഷമാണെത്തിയത്. വിവരണത്തിൽ പറയുന്നു: മുശ്‌രികീങ്ങൾ തിരിച്ചുപോയപ്പോൾ സ്ത്രീകൾ സ്വഹാബാക്കൾക്ക് പിന്നിലെത്തുകയുണ്ടായി. അവരിൽ ഹദ്റത്ത് നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്വിമ(റ)യും ഉണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ കണ്ടപ്പോൾ കെട്ടിപിടിക്കുകയും തിരുനബിയുടെ മുറിവുകൾ കഴുകാൻ തുടങ്ങുകയും ചെയ്തു. അലി തോൽപ്പാത്രത്തിൽനിന്ന് വെള്ളം ഒഴിച്ച് കൊടുത്തുകൊണ്ടിരുന്നു. പക്ഷേ, രക്തം കൂടുതലായി ഒഴുകുകയാണുണ്ടായത്. ഹദ്റത്ത് ഫാത്വിമ (റ)ഒരു പായയുടെ കഷണം കത്തിച്ച് ചാരമാക്കി മുറിവിന് മുകളിൽ വെക്കുകയുണ്ടായി. അത് മുറിവുമായി ചേരുകയും രക്തം വരുന്നത് നിൽക്കുകയും ചെയ്തു.(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 209-210, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)

ഹദ്റത്ത് ആഇശ(റ)ഉഹുദിലെ വിവരങ്ങൾ അറിയുന്നതിന് മദീനയിലെ സ്ത്രീകളോടൊപ്പം വീടിന് പുറത്തുവന്നു. ആ സമയത്ത് പർദയുടെ കൽപന ഇറങ്ങിയിട്ടില്ലായിരുന്നു. ആഇശ(റ) ഹർറ എന്ന സ്ഥലത്തെത്തിയപ്പോൾ ഹിന്ദ് ബിൻത് അംറിനെ കണ്ടുമുട്ടി. ഇവർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ സഹോദരിയായിരുന്നു. ഹദ്റത്ത് ഹിന്ദ് തന്റെ ഒട്ടകത്തെ തെളിക്കുകയായിരുന്നു. ഒട്ടകത്തിനുമേൽ അവരുടെ ഭർത്താവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ്, മകൻ ഹദ്റത്ത് ഖല്ലാദ് ബിൻ അംറ്, സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് എന്നിവരുടെ മൃതദേഹങ്ങളുണ്ടായിരുന്നു. മൂന്നുപേരുടേയും മയ്യിത്തുകൾ ഒട്ടകത്തിനുമേലുണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ)യുദ്ധമൈതാനത്തിലെ വാർത്തകൾ അറിയാൻ ശ്രമിച്ചപ്പോൾ അവരോടു ചോദിച്ചു: നിങ്ങളെ ഏതവസ്ഥയിലാണ് പിന്നിലാക്കിവന്നതെന്ന് നിങ്ങൾക്കറിയുമോ? അപ്പോൾ ഹദ്റത്ത് ഹിന്ദ് പറഞ്ഞു: 'നബി(സ) തിരുമേനി സുഖമായിരിക്കുന്നു. നബി(സ)തിരുമേനിക്കുശേഷം എല്ലാ മുസീബത്തും എളുപ്പമായിത്തീരുന്നതാണ്.'

തന്റെ അടുത്ത മൂന്ന് ബന്ധുക്കളുടെ അതായത്, ഭർത്താവിന്റെയും മകന്റെയും സഹോദരന്റെയും മൃതദേഹങ്ങൾ വഹിച്ചുകൊണ്ട് വരികയാണ്. പക്ഷേ, ചോദിച്ചപ്പോൾ പറഞ്ഞത്, നബി(സ)തിരുമേനി സൗഖ്യത്തിലാണെങ്കിൽ പിന്നെ എല്ലാം നല്ലതാണെന്നാണ്! ഇവരെ ഞാൻ ഇപ്പോൾ മറവടക്കുന്നതാണ്. നബി(സ)തിരുമേനി സൗഖ്യത്തിലാണെങ്കിൽ പിന്നെ മറ്റൊരു പ്രശ്നവുമില്ല. (കിതാബുൽമഗാസി, വാല്യം 1, പേജ് 232-233, പ്രസാധനം: ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഹദ്റത്ത് ഉമ്മു ഉമാറ നിവേദനം. ഉഹുദുയുദ്ധദിവസം ഞാൻ ആളുകളെല്ലാം എന്താണ് ചെയ്യുന്നതെന്ന് നോക്കാൻ പുറപ്പെട്ടു. എന്റെ പക്കൽ വെള്ളം നിറച്ച ഒരു തോൽപ്പാത്രമുണ്ടായിരുന്നു. അത് ഞാൻ പരിക്കേറ്റവർക്ക് കുടിപ്പിക്കാൻ കരുതിയതാണ്. അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. ആ സമയത്ത് നബി(സ) തിരുമേനി സ്വഹാബാക്കൾക്ക് ഇടയിലായിരുന്നു. മുസ്‌ലിമീങ്ങളുടെ തട്ട് ഘനമുള്ളതായിരുന്നു. പിന്നെ പെട്ടെന്നാണ് മുസ്‌ലിമീങ്ങൾക്ക് പരാജയം സംഭവിച്ചത്. ഞാൻ അതിവേഗം നബി(സ)തിരുമേനിയുടെ അടുക്കലെത്തുകയും നിന്നുകൊണ്ട് യുദ്ധം ചെയ്യാൻ തുടങ്ങുകയും ചെയ്തു. നബി(സ) തിരുമേനിയുടെ അടുക്കൽ ശത്രുക്കളെത്തുന്നത് ഞാൻ വാളുകൊണ്ട് തടഞ്ഞുകൊണ്ടിരുന്നു. അതോടൊപ്പം അമ്പുകൾ എയ്യുന്നുമുണ്ടായിരുന്നു. അവസാനം ഇതേ അവസ്ഥയിൽ എനിക്കും പരിക്കേറ്റു.(സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 313, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഒരു ചരിത്രകാരൻ വിവരിക്കുന്നു: ഉഹുദുയുദ്ധത്തിൽ യുദ്ധം ചെയ്യുകയും പരാജയവേളയിൽ നബി(സ)തിരുമേനിയുടെ സംരക്ഷണത്തിനുവേണ്ടി തന്റേടത്തിന്റെ പരിധിവരെ എത്തിക്കൊണ്ട് അമ്പെയ്യുകയും ചെയ്തുകൊണ്ടിരുന്ന സ്ത്രീ ഹദ്റത്ത് ഉമ്മു ഉമാറ ആയിരുന്നു. അതായത് ഉമ്മു ഉമാറ നുസയ്ബ മാസിനിയ.(ഗസ്വയെ ഉഹുദ്, മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 171, നഫീസ് അക്കാഡമി കറാച്ചി)

നുസയ്ബ മാസിനിയ അതായത് ഉമ്മു ഉമാറയെ കൂടാതെ മറ്റൊരു സ്ത്രീയെ കുറിച്ചും ഉഹുദ് ദിവസം യുദ്ധത്തിൽ പങ്കെടുത്തതായി തെളിയുന്നില്ല.

എന്നാൽ, ചില ചരിത്രകാരന്മാർ പറയുന്നു: മുസ്‌ലിമീങ്ങളിലെ ചില സ്ത്രീകൾ മുശ്‌രിക്കീങ്ങൾ മാറിപ്പോയപ്പോൾ മദീനയിൽനിന്ന് യുദ്ധമൈതാനത്തേക്ക് പുറപ്പെട്ടു. അവർ പരിക്കേറ്റവരെ സഹായിക്കാനും വെള്ളം കുടിപ്പിക്കാനും മറ്റുമുള്ള കാര്യങ്ങളിൽ പങ്കെടുത്തു. ഈ സ്ത്രീകളിൽ നബി(സ)തിരുമേനിയുടെ സഹധർമ്മിണി ഹദ്റത്ത് ആഇശയും മകൾ ഫാത്വിമത്തു സഹ്റയും ഉണ്ടായിരുന്നു. ബുഖാരിയിൽ ഒരു നിവേദനത്തിൽ നിവേദകൻ പറയുന്നു: ഞാൻ ഹദ്റത്ത് ആഇശയേയും ഹദ്റത്ത് ഉമ്മു സുലയ്മിനേയും കണ്ടിരുന്നു. ഇവർ വളരെ വേഗത്തിൽ വെള്ളം നിറച്ച തോൽപ്പാത്രങ്ങളും മുതുകിലേറ്റി വന്ന് ജനങ്ങളുടെ വായിൽ വെള്ളം ഒഴിച്ചുകൊടുത്തിരുന്നു. പിന്നെ തിരിച്ചുപോയി വെള്ളം നിറച്ച് വരികയും പരിക്കേറ്റവരുടെ വായിൽ വാർന്നുകൊടുക്കുകയും ചെയ്തിരുന്നു.(ഗസ്വയെ ഉഹുദ്, മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 175, നഫീസ് അക്കാഡമി കറാച്ചി)

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: യുദ്ധംകൊടുമ്പിരി കൊണ്ടപ്പോൾ ചില മുസ്‌ലിം സ്ത്രീകൾ സഹായം ചെയ്യാൻ തയ്യാറായി. ഇവരിൽ നബി(സ) തിരുമേനിയുടെ വളർത്തു മാതാവ് ഉമ്മു അയ്മനുമുണ്ടായിരുന്നു. ചരിത്രകാരന്മാർ എഴുതുന്നു: മുസ്‌ലിമീങ്ങളിലെ പരാജയപ്പെട്ട സംഘം മദീനയിൽ പ്രവേശിക്കുമ്പോൾ അവർ ഉമ്മു അയ്മനെ കണ്ടുമുട്ടി. വരുന്നവർക്കുനേരെ അവർ മണ്ണെടുത്ത് എറിയുകയുണ്ടായി. ചിലരെ ശകാരിച്ചുകൊണ്ടു പറഞ്ഞു. 'നിങ്ങൾ ഈ ചർക്ക എടുക്കുക.' അതിലാണ് സ്ത്രീകൾ നൂൽ നൂറ്റിരുന്നത്. 'നിങ്ങളുടെ വാളുകൾ ഞങ്ങൾക്കുതരിക.' നിങ്ങൾ സ്ത്രീകളുടെ ജോലി ചെയ്യുക. നിങ്ങൾക്ക് യുദ്ധം ചെയ്യാൻ കഴിയില്ല. തുടർന്ന് വളരെ ശീഘ്രഗതിയിൽ രണാങ്കണത്തിലെത്തി. ഹദ്റത്ത് ഉമ്മു അയ്മൻ പരിക്കേറ്റവരെ സഹായിക്കാൻ തയ്യാറായി വന്നതാണ്. പക്ഷേ, യുദ്ധം നബി(സ)തിരുമേനിയുടെ അടുത്ത് ശക്തമായി നടക്കുകയായിരുന്നു. അവർ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ അവർക്ക് മുശ്‌രിക്കീങ്ങൾ എയ്ത അമ്പുകളും കൊള്ളുകയുണ്ടായി. ഇബ്നു അഥീർ അൽകാമിലുഫിത്താരീഖ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: ഹദ്റത്ത് ഉമ്മു അയ്മൻ സൈന്യത്തിൽ പരിക്കേറ്റവർക്ക് വെള്ളം നൽകുകയായിരുന്നു. ഹിബ്ബാൻ ബിൻ അരിഖ അവർക്കു നേരെ അമ്പെയ്തു. അങ്ങനെ അവർ വീഴുകയും നഗ്നയാവുകയും ചെയ്തു. അത് കണ്ട് ദൈവത്തിന്റെ ശത്രുക്കൾ ഒരുപാട് ചിരിക്കുകയുണ്ടായി. നബി(സ)തിരുമേനിക്ക് അത് വളരെ അസ്വസ്ഥതയുണ്ടാക്കി. നബി(സ) തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന് മുനയില്ലാത്ത ഒരു അമ്പ് കൊടുത്തുകൊണ്ട് പറഞ്ഞു: 'ഇത് തൊടുത്തുവിടുക.' ഹദ്റത്ത് സഅ്ദ് അതെയ്തപ്പോൾ ഹിബ്ബാന്റെ നെഞ്ചിലാണ് തറച്ചത്. അയാൾ മലർന്നടിച്ച് വീഴുകയും അയാളുടെ നഗ്നത വെളിപ്പെടുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി മന്ദഹസിച്ചു. അവിടന്ന് പറഞ്ഞു: 'സഅ്ദ് ഉമ്മു അയ്മനുവേണ്ടി പകരം ചോദിച്ചിരിക്കുന്നു.'

ഒരു ചരിത്രകാരൻ എഴുതുന്നു:യുദ്ധാവസാനം ചില മുസ്‌ലിം സ്ത്രീകൾ യുദ്ധമൈതാനത്തിലെത്തി. അദ്ദേഹം തുടരുന്നു: ഈ ഉന്നതസ്ഥാനീയരായ സ്ത്രീകൾ യുദ്ധമൈതാനത്തെത്തിയ നേരത്ത്, മുസ്‌ലിമീങ്ങൾ മുശ്‌രിക്കീങ്ങളെ പിന്തുടരാൻ തുടങ്ങിയിട്ടുണ്ടായിരുന്നു. അവർ വിജയലക്ഷണങ്ങൾ കാണാനും തുടങ്ങിയിരുന്നു.(ഗസ്വയെ ഉഹുദ്, മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 176-177, നഫീസ് അക്കാഡമി കറാച്ചി) (അർറഹീഖുൽമഖ്ത്തൂം, മുത്തർജിം പേജ് 377, അൽമക്തബത്തുസ്സലഫിയ,ലാഹോർ)(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 6, പേജ് 393, മക്തബ ദാറുസ്സലാം രിയാള്)

ചുരുക്കിപ്പറഞ്ഞാൽ മുസ്‌ലിംസ്ത്രീകൾ ഉഹുദ് യുദ്ധമൈതാനത്തിലേക്ക് ആ നേരത്ത് പോയിട്ടുണ്ടാകും. ഇതെല്ലാം അനുമാനങ്ങൾ തന്നെയാകുന്നു. അവർ മുസ്‌ലിംസൈന്യത്തിൽ ഔദ്യാഗികമായി പങ്കെടുത്തിരുന്നില്ല. ഒന്നാമത്തേത് മുസ്‌ലിമീങ്ങൾ വിജയിച്ചു എന്ന വാർത്ത മദീനത്തെത്തിയപ്പോൾ പ്രസ്തുതവാർത്ത കേട്ട് അവർ ഉഹുദിലേക്ക് വന്നതായിരിക്കാം. പക്ഷേ, അപ്പോഴേക്കും യുദ്ധഗതി മാറിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് മുസ്‌ലിം സ്ത്രീകളും യുദ്ധത്തിൽ പങ്കാളികളായിട്ടുണ്ടാകാം. രണ്ടാമത്തേത് നബി(സ)തിരുമേനിയുടെ ശഹാദത്ത് വാർത്ത എത്തിയപ്പോൾ ജീവത്യാഗസന്നദ്ധരായ പ്രസ്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

തുത സ്ത്രീകൾ അസ്വസ്ഥരായി ഉഹുദിലേക്ക് പുറപ്പെട്ടതായിരിക്കും. പിന്നെ യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ പങ്കെടുത്തുകൊണ്ട് പ്രതിരോധയുദ്ധവും ചെയ്തിട്ടുണ്ടാകും. അതോടൊപ്പം പരിക്കേറ്റവരുടെ മുറിവുകളും കെട്ടാൻ തുടങ്ങിയതായിരിക്കും. ഏതായാലും അല്ലാഹു തന്നെയാണ് നല്ലവണ്ണം അറിയുന്നവൻ.

ഉഹുദുയുദ്ധ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് സഅ്ദ്(റ)നിവേദനം. ഉഹുദ് ദിവസം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മാതാപിതാക്കളെ ഒരുമിച്ചുകൂട്ടി. അവർ പറഞ്ഞു: മുശ്രിക്കീങ്ങളിൽ ഒരാൾ മുസ്‌ലിമീങ്ങൾക്കിടയിൽ തീ പടർത്തുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു: നിങ്ങൾ അമ്പെയ്തുകൊണ്ടിരിക്കുക. എന്റെ മാതാപിതാക്കൾ നിങ്ങൾക്കു തെണ്ടമായിരിക്കട്ടെ. അതായത്, മാതാപിതാക്കളെ ഒരുമിച്ചുകൂട്ടുക എന്നതിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനി എന്റെ മാതാപിതാക്കൾ നിങ്ങൾക്കുമേൽ തെണ്ടമായിരിക്കട്ടെ എന്ന് പറയുകയുണ്ടായി. ഹദ്റത്ത് സഅ്ദ് (റ)പറയുന്നു: ഞാൻ നബി(സ)തിരുമേനി നൽകിയ മുനയില്ലാത്ത അമ്പ് ശത്രുവിനുനേരെ തൊടുത്തുവിടുകയുണ്ടായി. അങ്ങനെ അയാൾ മരണപ്പെട്ടു. അയാളുടെ നഗ്നത വെളിപ്പെടുകയും ചെയ്തു. നബി(സ)തിരുമേനി പുഞ്ചിരിക്കുന്നതാണ് ഞാൻ കണ്ടത്.(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു ഫീ ഫള്‌ലി സഅ്ദ് ബിൻ അബീ വഖാസ്, ഹദീഥ് 623)

മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വന്നിരിക്കുന്നു: ചില ചരിത്ര പുസ്തകങ്ങളിൽ ഹിബ്ബാൻ എന്ന് പേര് വന്നിട്ടുള്ള ഈ മുശ്‌രിക്ക് അമ്പെയ്തപ്പോൾ അത് ഹദ്റത്ത് ഉമ്മു അയ്‌മന്റെ മടിത്തട്ടിലാണ് ചെന്ന് പതിച്ചത്. അവരാകട്ടെ ആ നേരത്ത് പരിക്കേറ്റവർക്ക് വെള്ളം കുടിപ്പിക്കുന്നതിൽ വ്യാപൃതയായിരുന്നു. അതുകണ്ട് ഹിബ്ബാൻ ചിരിക്കാൻ തുടങ്ങി. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിന് ഒരു അമ്പ് കൊടുക്കുകയുണ്ടായി. അത് ഹിബ്ബാന്റെ തൊണ്ടയിൽ ചെന്നുകൊണ്ടു. അയാൾ പിന്നിലേക്ക് മറിഞ്ഞുവീണു. അതിൽ അയാളുടെ നഗ്നതയും വെളിപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി ചിരിച്ചു. (അൽ ഇസ്വാബ വാള്യം 3, പേജ് 64, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 1995)

നബി(സ)തിരുമേനി പുഞ്ചിരിക്കുകയും സന്തോഷിക്കുകയും ചെയ്തത് അല്ലാഹുവിന്റെ ഔദാര്യം ഓർത്തുകൊണ്ടായിരുന്നു. അല്ലാഹു ഒരു കഠിന ശത്രുവിനെ മുനയില്ലാ അമ്പുകൊണ്ട് വഴിയിൽനിന്ന് മാറ്റുകയുണ്ടായി.(സ്വഹീഹ് മുസ്‌ലിം, വാള്യം 13, പേജ് 41, അടിക്കുറിപ്പ്, നൂർ ഫൗണ്ടേഷൻ)

അതൊരു കണക്കിന് നീളമുള്ള വടിയായിരുന്നു. അതാണ് അയാളെ കൊന്നത്.

ഒരു ഗ്രന്ഥകാരൻ നബി(സ)തിരുമേനിയുടെ ധൈര്യത്തേയും ഉൾക്കാഴ്ചയേയും കുറിച്ച് വിവരിച്ചുകൊണ്ടെഴുതുന്നു: ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഖുറയ്ശി കുതിരപ്പടയാളികൾ മലയിടുക്കിൽ നിന്നിരുന്ന അബ്ദുല്ലാഹ് ബിൻ ജുബയ്റിനെയും(റ)കൂട്ടാളികളേയും ശഹീദാക്കി, മുസ്‌ലിം സൈന്യത്തിന്റെ മുകൾഭാഗത്ത് വന്നു. ആ സമയത്ത് നബി(സ)തിരുമേനിയുടെ കൂടെ 9 പേരടങ്ങുന്ന സ്വഹാബാക്കളുടെ സംഘം മാത്രമാണുണ്ടായിരുന്നത്. മറ്റു മുജാഹിദീങ്ങൾ ശത്രുക്കളെ പിന്തുടർന്നുകൊണ്ട് യുദ്ധമൈതാനത്തു വളരെ ദൂരെ എത്തിയിരുന്നു. നബി(സ)തിരുമേനി ഖാലിദ് ബിൻ വലീദിനേയും ഖുറയ്ശി കുതിരപ്പടയാളികളേയും കണ്ടപ്പോൾ വളരെ ധൈര്യപൂർവ്വം ഒരു തീരുമാനമെടുത്തു. നബി(സ)തിരുമേനി കുതിരപ്പടയാളികളെ കണ്ടമാത്രയിൽത്തന്നെ വളരെ എളുപ്പത്തിൽ സ്വയം സുരക്ഷിത സ്ഥാനത്തേക്ക് മാറാമായിരുന്നു. അങ്ങനെയാകുമ്പോൾ മുസ്‌ലിം സൈന്യത്തിന് ഒരുപാട് നഷ്ടവും സംഭവിക്കുമായിരുന്നു. തന്നെ സംരക്ഷിക്കാൻ കഴിയുമായിരുന്നിട്ടും, തന്നെ സംരക്ഷിക്കുകയാണെങ്കിൽപോലും ഇസ്‌ലാമിക സൈന്യത്തിന് നഷ്ടങ്ങൾ വന്നു ഭവിക്കുമായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി ഓടിപ്പോകുന്ന സൈന്യത്തിന്റെ വഴി പിന്തുടരുന്ന തിനുപകരം വളരെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: മുസ്‌ലിം സൈന്യം അതുകേട്ട് പിന്നിലേക്ക് നോക്കിയപ്പോൾ അതായത് മുസ്‌ലിം സൈന്യം വളരെ ദൂരെ പോയിട്ടുണ്ടായിരുന്നു, അവർക്ക് മുന്നേ ഖുറയ്ശി പട്ടാളക്കാരുടെ അടുത്തേക്ക് നബി(സ) തിരുമേനിയുടെ ശബ്ദം എത്തേണ്ടതും അനിവാര്യമായിരുന്നു. പരീക്ഷണത്തിന്റെ ആ ഘട്ടത്തിലും ധൈര്യത്തിന്റെ അനന്യവും ആശ്ചര്യവഹവുമായ മാതൃകയാണ് കാണിച്ചത്. നബി(സ)തിരുമേനി തന്റെ ജീവനെ അപകടത്തിൽ പ്പെടുത്തിക്കൊണ്ട് സ്വഹാബാക്കളെ വിളിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ ദാസന്മാരേ! ഇങ്ങോട്ട് വരുവിൻ! നബി(സ) തിരുമേനിയുടെ ശബ്ദം രണാങ്കണത്തിൽ മുഖരിതമായി. സ്വഹാബാക്കൾക്കും കാര്യങ്ങളുടെ ദുർബലാവസ്ഥയെ സംബന്ധിച്ച് തിരിച്ചറിവുണ്ടായി. അവർ ഒരുപാട് ദൂരത്തായിരുന്നു. അതുകൊണ്ട് അവർക്കുമുമ്പേ ഖുറയ്ശി കുതിരപ്പടയാളികളുടെ ഒരു സംഘം വന്ന് നബി(സ)തിരുമേനിയെ ആക്രമിച്ചു. മറ്റു കുതിരപ്പടയാളികൾ വളരെ വേഗം മുസ്‌ലിമീങ്ങളെ വളയാനും തുടങ്ങി.(ഗസ്‌വാത്ത് വ സരായാ, മുഹമ്മദ് അഌ്ഹർ ഫരീദ് പേജ് 183-184, ഫരീദിയ പ്രിന്റിംഗ് പ്രസ്സ്, സാഹിവാൾ)

നബി(സ)തിരുമേനി പരിക്കേറ്റ അവസ്ഥയിലും ബോധക്ഷയമുണ്ടാകാതെ സ്വഹാബാക്കൾക്ക് മാർഗനിർദ്ദേശം നൽകുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്തുവെന്നതിനെ കുറിച്ചും വിവരണങ്ങളുണ്ട്. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ സഹോദരൻ ഉത്ബ ബിൻ അബീ വഖാസ് നബി(സ)തിരുമേനിയുടെ നേരെ ഒരു കല്ലെറിയുകയുണ്ടായി. അത് നബി(സ)തിരുമേനിയുടെ മുഖത്താണ് കൊണ്ടത്. നബി(സ)തിരുമേനിയുടെ മുന്നിലെ താഴത്തുള്ള രണ്ടു പല്ലുകൾ അതായത് കൂർത്ത പല്ലുകൾക്കിടയിലെ രണ്ടെണ്ണം പൊട്ടിപ്പോയി. മാത്രമല്ല കീഴ്ചുണ്ടിന് മുറിവുമേറ്റു. ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനി പറയുന്നു: പല്ലിന്റെ ഒരു കഷണം പൊട്ടിപ്പോയിരുന്നു. വേരോടെ പറിഞ്ഞിരുന്നില്ല.(ഫതഹുൽബാരി, വാള്യം 7, പേജ് 464, ഹദീഥ് 4070, ഖദീമീ കുതുബ് ഖാന, കറാച്ചി)

എന്തായാലും നബി(സ)തിരുമേനി ഉത്ബ ബിൻ അബീ വഖാസിനെതിരിൽ ഇങ്ങനെ ദുആ ചെയ്തു: അലാഹുമ്മ ലാ യഹൂലു അലയ്ഹിൽഹൗലു ഹത്താ യമൂത്ത കാഫിറാ. അല്ലാഹുവേ! ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പേ ഇയാൾക്ക് കാഫിറായ അവസ്ഥയിൽത്തന്നെ മരണം നൽകേണമേ. അല്ലാഹു നബി(സ)തിരുമേനിയുടെ ഈ ദുആ സ്വീകരിച്ചു. അയാളെ അന്നേ ദിവസംതന്നെ ഹാത്വിബ് ബിൻ അബീ ബൽത്തഅ കൊല്ലുകയുണ്ടായി. ഹദ്റത്ത് ഹാത്വിബ് പറയുന്നു: ഞാൻ ഉത്ബ ബിൻ അബീ വഖാസിന്റെ ഈ ലജ്ജാഹീനമായ നീക്കങ്ങൾ കണ്ടപ്പോൾ, അയാളുടെ തന്റേടം കണ്ടപ്പോൾ, ഉടൻതന്നെ നബി(സ)തിരുമേനിയോടു ചോദിച്ചു. ഉത്ബ എങ്ങോട്ടാണ് പോയത്? നബി(സ)തിരുമേനി ഇന്ന ഭാഗത്തേക്ക് ചൂണ്ടി അയാൾ പോയ ഭാഗം കാണിച്ചു. ഞാൻ അപ്പോൾത്തന്നെ അയാളെ പിന്തുടർന്ന് പുറപ്പെട്ടു. അങ്ങനെ അയാളെ ഒരിടത്ത് കാണുകയുണ്ടായി. ഞാൻ തൽക്ഷണം വാളുകൊണ്ട് അയാളെ വെട്ടുകയും അയാളുടെ ശിരസ്സ് മുറിഞ്ഞ് ദൂരേക്ക് തെറിച്ചുവീഴുകയും ചെയ്തു. ഞാൻ മുന്നോട്ട് ഗമിച്ച് അയാളുടെ വാളും കുതിരയും കൈക്കലാക്കി. അതുമായി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനി ഈ വാർത്ത കേട്ടപ്പോൾ രണ്ടുതവണ ഇങ്ങനെ പറഞ്ഞു: റളിയല്ലാഹു അൻക്ക റളിയല്ലാഹു അൻക്ക. അതായത് അല്ലാഹു നിന്നിൽ തൃപ്തനായി. (സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 317, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഉഹുദ് യുദ്ധാവസരത്തിൽ ഹദ്റത്ത് ഉമ്മു ഉമാറ അതായത് നുസയ്ബ(റ)യുടെ ഭർത്താവ് ഹദ്റത്ത് സയ്ദ് ബിൻ ആസിമും അവരുടെ രണ്ട് മക്കളായ ഖുബയ്ബും അബ്ദുല്ലായും യുദ്ധത്തിനുവേണ്ടി പോയിരുന്നു. എല്ലാവരും യുദ്ധത്തിനുവേണ്ടി പോയിരുന്നു. ഞാൻ നേരത്തേയും ഇത് വിവരിച്ചതാണ്. നബി(സ)തിരുമേനി അവരോടെല്ലാവരോടും പറഞ്ഞു: അല്ലാഹു നിങ്ങളുടെ വീട്ടുകാരുടെമേൽ അനുഗ്രഹം വർഷിക്കുമാറാകട്ടെ. മറ്റൊരു നിവേദനത്തിൽ പറയുന്നു: അല്ലാഹു നിങ്ങളുടെ കുടുംബത്തിൽ അനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ.

അപ്പോൾ ഹദ്റത്ത് ഉമ്മു ഉമാറ(റ), നബി(സ) തിരുമേനിയോടു പറഞ്ഞു: ഞങ്ങൾക്കുവേണ്ടി ഞങ്ങൾ സ്വർഗത്തിലും അങ്ങയോടൊപ്പം ഉണ്ടാകാൻ ദുആ ചെയ്താലും. നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവേ! ഇവരെ സ്വർഗത്തിൽ എന്റെ കൂട്ടുകാരാക്കേണമേ. ഹദ്റത്ത് ഉമ്മു ഉമാറ പറയുന്നു: ഇനി എന്നിൽ ഈ ലോകത്തെന്താണ് സംഭവിക്കുക എന്നതിനെ കുറിച്ച് ഒരു അസ്വസ്ഥതയുമില്ല. ഇതായിരുന്നു ആത്മാർഥരായ ആ സ്ത്രീസ്വഹാബിയുടെ ധൈര്യവും നബി(സ)തിരുമേനിയോടുള്ള സ്നേഹബന്ധത്തിന്റേയും കൂറിന്റേയും മാതൃകയും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും അവന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യുന്നതിനും ഭൗതിക ലോകത്തെ അവർ നിസ്സാരമായിക്കരുതി. സ്ത്രീകൾക്ക് ചില സമയത്ത് ഭൗതികരായ സ്ത്രീകൾക്ക് അത് വലിയ കാര്യമായിരിക്കും. എന്നാൽ, ഇവർ ദീനിന് ത്യാഗം ചെയ്യുന്ന സ്ത്രീകളായിരുന്നു.

ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. നമസ്കാരത്തിനുശേഷം ഞാൻ ചില മർഹൂമീങ്ങളുടെ ജനാസ നമസ്കരിക്കുന്നതാണ്. അവരെ കുറിച്ച് പറയാം.

ആദ്യത്തേത് സിറിയ നിവാസിയായ ജനാബ് ഗസ്സാൻ ഖാലിദുന്നഖീബ് സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 78-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ ഭാര്യയെക്കൂടാതെ ഒരു മകനുംമകളുമാണുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലഘട്ടത്തിൽ സ്വയം ബയ്അത്ത് ചെയ്തതായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ തബ്‌ലീഗിൽ മകനും ബയ്അത്ത് ചെയ്തു. മകളും ഭാര്യയും ഇപ്പോൾ ബയ്അത്ത് ചെയ്തിട്ടില്ല.

മർഹൂമിന്റെ മകൻ ഹസ്സാമുന്നഖീബ് സാഹിബ് എഴുതുന്നു: എന്റെ പിതാവ് എന്റെ സുഹൃത്തായിരുന്നു. അദ്ദേഹമാണ് എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്ക് വഴി കാണിച്ചുതന്നത്. 90-കളുടെ മധ്യത്തിൽ പിതാവിന് ജമാഅത്തിനെ കുറിച്ച് അറിവ് കിട്ടിയത് ഹദ്റത്ത് ഖലീഫ റാബിഅ്ന്റെ *ലിഖാ മഅൽ അറബ്* പ്രോഗ്രാം മുഖേനയാണ്. അതിനു മുമ്പേവരെ ദീനിനെ കുറിച്ചുള്ള പിതാവിന്റെ കാഴ്ചപ്പാട് ദീനെന്നു പറഞ്ഞാൽ നല്ലരീതിയിൽ പെരുമാറുക എന്നതായിരുന്നു. എന്നാൽ, *ലിഖാ മഅൽ അറബ്* കണ്ടതിനുശേഷം പറയുന്നു: നിങ്ങൾക്കെവിടെയെങ്കിലും നല്ലൊരു ദീനീ പണ്ഡിതനെ കാണണമെങ്കിൽ അത് ഈ വ്യക്തി അതായത് ഖലീഫ റാബിഅ് മാത്രമാണ്. ശരിയായ ദീൻ എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ഇവർ

പറയുന്നതാണ്. അന്ന് പിതാവിന് ഏകദേശം 50 വയസ്സ് പ്രായമുണ്ടായിരുന്നു. ആ സമയത്താണ് അദ്ദേഹം നമസ്കാരം പഠിച്ചത്. അതിനുമുമ്പേ ഒരിക്കലും നമസ്കരിച്ചിട്ടില്ലായിരുന്നു. പിന്നെ ഇക്കാര്യത്തിൽ എത്രമാത്രം ശുഷ്കാന്തി പുലർത്തിയെന്നാൽ അദ്ദേഹം നമസ്കാരങ്ങളോ തഹജ്ജുദോ ഒഴിവാക്കിയതായി ഞാൻ കണ്ടിട്ടില്ല. പിതാവ് 2003-ലാണ് ബയ്അത്ത് ചെയ്തത്. ഒരു മാസത്തിനുശേഷം എന്നേയും അതിന്റെ വക്താവാക്കി. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ ജീവിതത്തിന്റെ അവസാന നാളുകളിലുള്ള കാര്യമാണിത്. മുറബ്ബി സിൽസില അബ്ദുൽ ഹയ് സാഹിബ് മുഖേന എനിക്കെഴുതുന്നു: പിതാവ് വസ്വിയ്യത്ത് പദ്ധതിയെക്കുറിച്ച് കേട്ടപ്പോൾ ഉടൻ തന്നെ അതിൽ ചേർന്നു. അന്ന് അദ്ദേഹത്തോടു പറഞ്ഞു: ആദ്യം നിങ്ങൾ അൽവസ്വിയ്യത്ത് പുസ്തകം വായിക്കുക. അദ്ദേഹം മറുപടിയായി പറഞ്ഞു: ഞാൻ ഇത് രണ്ടും തീർച്ചയായും വായിക്കുന്നതും മനസ്സിലാക്കാൻ ശ്രമിക്കുന്നതുമാണ്. പക്ഷേ, ഈ സംവിധാനത്തോടുള്ള സ്നേഹവും അതിൽ പങ്കെടുക്കുന്നതിന്റെ ആവേശത്തിലും ഒരുതരത്തിലുള്ള മാറ്റവും കാണാൻ കഴിയുന്നതല്ല. മാത്രമല്ല അതിന്റെ പാരായണം എനിക്ക് അതിൽ കൂടുതൽ ദൃഢജ്ഞാനം നൽകുന്നതാണ്. ഞാൻ ഉറപ്പിച്ചും പറയുന്നു. എനിക്ക് അത് യാഥാർഥ്യമാണെന്നതിൽ നേരത്തെതന്നെ ഒരു സംശയവുമില്ല. പിതാവ് ജമാഅത്തിനെ കുറിച്ച് അറിഞ്ഞപ്പോൾ ജമാഅത്തിന്റെ ഏതു പുസ്തകം കിട്ടിയാലും അതെല്ലാം പാരായണം ചെയ്യാൻ ശ്രമിക്കുമായിരുന്നു. പിന്നെ അത് കമ്പ്യൂട്ടറിൽ തന്റെ ശൈലി അനുസരിച്ച് അതേക്കുറിച്ച് നോട്സുകളും എഴുതിയിരുന്നു. അദ്ദേഹം അധികവും എന്നോട് ഇങ്ങനെ പറയുമായിരുന്നു: 'അല്ലാഹു എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും സാഹിത്യങ്ങൾ വായിച്ചു പൂർത്തിയാക്കാനുള്ള ആയുസ്സ് നൽകിയാൽമതി. കഴിഞ്ഞ ജീവിതത്തിൽ ഞാൻ നഷ്ടപ്പെടുത്തിയത് ഇവിടെ കരസ്ഥമാക്കാനാഗ്രഹിക്കുന്നു.' മർഹൂമിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(അ)ന്റെ തഫ്സീർ കബീറിനോട് വല്ലാത്ത സ്നേഹമായിരുന്നു. അത് അദ്ദേഹം നിരവധി തവണ വായിച്ചിട്ടുണ്ട്. എപ്പോഴെങ്കിലും എനിക്ക് ഏതെങ്കിലും വിഷയത്തെ കുറിച്ച് എന്തെങ്കിലും ആവശ്യമുണ്ടെന്ന് പറഞ്ഞാൽ, അദ്ദേഹം ആ വിഷയത്തെക്കുറിച്ചുള്ള പൂർണ വിശദാംശങ്ങൾ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും ഗ്രന്ഥങ്ങളിൽനിന്ന് നൽകുമായിരുന്നു. മർഹൂം ജുമുഅ ഖുത്ബ പുനഃപരിശോധന ചെയ്യുമായിരുന്നു. അതായത് ഇവിടെനിന്ന് പോകുന്ന എന്റെ ലൈവ് ഖുത്ബ അതുപോലെ അറബി ഡസ്ക് നൽകുന്ന പരിശോധനയ്ക്കുള്ള ജോലികൾക്ക് വേണ്ടിയും പലപ്പോഴും മണിക്കൂറുകളോളം ഇരിക്കുമായിരുന്നു. ചിലപ്പോൾ ഞാൻ വിശ്രമിക്കാൻവേണ്ടി പറഞ്ഞാൽ എനിക്ക് ജമാഅത്ത് ജോലികളിൽ തന്നെയാണ് വിശ്രമം കിട്ടാറുള്ളതെന്നാണ് പറഞ്ഞിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയം അദ്ദേഹത്തിന്റെ ഖലീഫമാരുടെയും പുസ്തകങ്ങളുടെ തർജ്ജമ പുനഃപരിശോധിക്കുന്നതിനിടയിൽ പലപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു. ബയ്അത്ത് ചെയ്തശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം ഇങ്ങനെ കേട്ടു: ബയ്അത്ത് ചെയ്ത് വീട്ടിൽ വന്നപ്പോൾ വീടിന്റെ ഓരോ വാതിലും മുട്ടി എല്ലാവരോടും മസീഹ് മൗഊദ്(അ)വന്ന കാര്യം പറയുകയുണ്ടായി. അതിനുശേഷം എന്റെ പിതാവും ഈ രീതി ശീലമാക്കി. അദ്ദേഹത്തെ കണ്ടുമുട്ടുന്നവർ അഞ്ചു നിമിഷത്തേക്ക് വന്നവരാണെങ്കിൽപോലും അയാൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്ന കാര്യം തീർച്ചയായും പറഞ്ഞുകൊടുക്കുമായിരുന്നു. പറയുന്നു: എന്റെ ജോലി മസീഹ് മൗഊദ് വന്നു എന്ന സന്തോഷവാർത്ത നൽകുകയാണ്. ആർക്കെങ്കിലും മനസ്സിലായാൽ നല്ലത്. ഇനി മനസ്സിലായില്ലെങ്കിൽപോലും ഞാൻ വിത്ത് വിതച്ചല്ലോ. അത് മുളപ്പിക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്; മാർഗദർശനം നൽകുന്ന അല്ലാഹുവിന്റെ ജോലി.

സിറിയയിലെ വസീം മുഹമ്മദ് സാഹിബ് അദ്ദേഹത്തെ കുറിച്ചെഴുതുന്നു. ജുമുഅക്കുശേഷം മർഹൂം ഹൃദയാവർജ്ജകമായ രീതിയിൽ അതിന്റെ ദർസ് നൽകുമായിരുന്നു. 2019 മുതൽ 22 വരെയും അദ്ദേഹം ഇശാഅത്ത് സെക്രട്ടറിയായി സേവനം ചെയ്തു. മർഹൂമിന് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ ഏറെ താൽപര്യമുണ്ടായിരുന്നു. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് പ്രയാസമുള്ള വാക്കുകളുടെ അർഥവും വിശദീകരണവും എഴുതിവെച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീർ കബീർ വായിച്ച് അതിൽനിന്ന് പ്രവാചകന്മാരുടെ ചരിത്രങ്ങൾ വേറെതന്നെ എടുത്ത് ഹ്രസ്വമായി ഗ്രന്ഥരൂപത്തിൽ നൽകുകയുണ്ടായി. ഇത് ജമാഅത്തിന്റെ അറബി ഡസ്ക് സൈറ്റിൽ ലഭ്യമാണ്. ജമാഅത്തംഗങ്ങൾ പ്രത്യേകിച്ച് കുട്ടികൾ ഇതിൽനിന്ന് ഒരുപാട് പ്രയോജനമെടുക്കുന്നു.

അത്തഖ്‌വാ മാസികയുടെ എഡിറ്റർ ഉബാദ ബർബോഷ് സാഹിബ് പറയുന്നു: മർഹൂം നിരവധി നന്മകൾക്കുടമയായിരുന്നു. ഖിലാഫത്തുമായി അനിതരസാധാരണമായ സ്നേഹത്തിന്റേയും കൂറിന്റേയും ബന്ധമായിരുന്നു. വാർധക്യത്തിലും തന്റെ ജോലികളുള്ള സമയത്തും മർഹൂം വളണ്ടിയറായി അത്തഖ്‌വാ മാസികയുടെ സേവനങ്ങൾ ചെയ്തിരുന്നു. അദ്ദേഹത്തിന് നൽകപ്പെട്ട ഉത്തരവാദിത്വങ്ങളെല്ലാം തന്റെ സൗഭാഗ്യമായി കരുതിയിരുന്നു. ഏഴുവർഷം മർഹൂം തഖ്‌വാ മാസികയുടെ പഴയ ലക്കങ്ങൾ ടൈപ്പ് ചെയ്ത് കമ്പ്യൂട്ടറൈസ്ഡ് ചെയ്യാൻ ഞങ്ങളെ ഒരുപാട് സഹായിച്ചിട്ടുണ്ട്. അല്ലാഹു മർഹൂമിനോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കുവേണ്ടി അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം മുറബ്ബിയെ സിൽസില ജലീസ് അഹ്മദിന്റെ ഭാര്യ നൗശാബ മുബാറക് സാബിയുടേതാണ്. ഇദ്ദേഹം ഇവിടെ ആർക്കൈവ് വിഭാഗത്തിലും അൽഹക്കമിലുമാണ് ജോലി ചെയ്യുന്നത്. ഇവർ അദ്ദേഹത്തിന്റെ ഭാര്യയാണ്. കഴിഞ്ഞ ദിവസം പാക്കിസ്താനിൽനിന്ന് തിരിച്ചുവരുമ്പോൾ റബ്‌വയ്ക്കും ലാഹോറിനുമിടയിൽ ഒരു അപകടത്തിൽപെട്ട് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ സന്തപ്ത കുടുംബത്തിൽ ഭർത്താവിനെയും മാതാപിതാക്കളെയും കൂടാതെ നാലു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. മർഹൂമയുടെ വസ്വിയ്യത്തിനുള്ള നടപടികൾ നടക്കുന്നതിനിടയിലാണ് പെട്ടെന്ന് മരണമുണ്ടായത്. ഏതായാലും നടപടികൾ നടന്നുവരുന്നു ഇൻശാഅല്ലാഹ് വസ്വിയ്യത്തും ആകുന്നതാണ്. ഈ നിലയ്ക്ക് മൂസിയ ആയിരുന്നു. അവരുടെ ഭർത്താവ് ജലീസ് അഹ്മദ് എഴുതുന്നു: അല്ലാഹു എനിക്ക് വളരെ നന്മകൾക്ക് ഉടമയായ ഒരു ഭാര്യയെ തന്നതിൽ ഞാൻ അവനോട് ഒരുപാട് നന്ദി പറയുന്നു. അവർ ഒരു വാഖിഫെ സിന്ദഗിയെ വിവാഹം ചെയ്യാൻ തീരുമാനിക്കുകയും ദീനിന് മുൻതൂക്കം നൽകുകയും ചെയ്തു. ഒരിക്കൽപോലും എന്നോടു തന്റേതായ എന്തെങ്കിലും ആവശ്യം പറഞ്ഞിട്ടില്ല. എപ്പോഴും മറ്റുള്ളവരുടെ സന്തോഷത്തിന് കാരണമാകാനാണ് ശ്രമിച്ചത്. ജമാഅത്തിൽ പല പദവികളും വഹിച്ചിട്ടുണ്ട്. അസി. സെക്രട്ടറി മാൽ, അസി. സെക്രട്ടറി വസ്വിയ്യത്ത് എന്ന നിലയ്ക്കും സഹായിച്ചിട്ടുണ്ട്. വളരെ ശ്രമകരമായും താൽപര്യത്തോടെയും ജോലികൾ നിർവഹിച്ചിരുന്നു. പറയുന്നു: എന്റെ ജോലികളിലും എന്നെ സഹായിച്ചിരുന്നു. ഒരിക്കലും എന്റെ ജമാഅത്തി ജോലികളിൽ ആക്ഷേപിക്കുകയോ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ല. യഥാർഥത്തിൽ വഖ്ഫിന്റെ ആത്മാവ് ശരിയായ അർഥത്തിൽ മനസ്സിലാക്കിയിരുന്നു. എല്ലാ റമളാനിലും മൂന്ന് തവണ ചിലപ്പോൾ 4 തവണയും വിശുദ്ധഖുർആൻ ഓതി ഖത്തം ചെയ്തിരുന്നു. ഖിലാഫത്തിനോട് അഗാധമായ ആദരവും സ്നേഹവുമുണ്ടായിരുന്നു. അവരുടെ മാതാവ് സയ്ബുന്നിസാ സാഹിബ പറയുന്നു: മർഹൂമാ എന്റെ ഏറ്റവും ഇളയ മകളായിരുന്നു. എല്ലാവരേയും സ്നേഹിക്കുന്ന ഇടപഴകുന്ന കുട്ടിയായിരുന്നു. ഞങ്ങളെയെല്ലാം നല്ലപോലെ സ്നേഹിച്ചിരുന്നു. എന്റെ മക്കളിൽ ഏറ്റവും കാര്യഗ്രാഹ്യമുള്ളവളായിരുന്നു. നമസ്കാരം, നോമ്പു കാര്യങ്ങളിൽ കൃത്യനിഷ്ഠയും ജമാഅത്തി ജോലികളിൽ മുൻപന്തിയിലും ഉണ്ടാകുമായിരുന്നു. ഞാൻ ഹാഫിളാബാദിലെ പീർക്കോട്ട് ഥാനി ഗ്രാമത്തിൽ ലജ്ന സ്വദർ ആയിരുന്നപ്പോൾ എന്റെ ജോലികളിൽ ഒരുപാട് എന്നെ സഹായിച്ചിരുന്നു. അവർ ഒരു വാഖ്ഫെ സിന്ദഗിയെ വിവാഹം ചെയ്യാൻ തീരുമാനിക്കുകയും ദീനിന് മുൻഗണന നൽകുകയും ചെയ്തു. ഒരിക്കൽപോലും എന്നോടെന്തെങ്കിലും ആവശ്യം ഉന്നയിച്ചിട്ടില്ല. എപ്പോഴും മറ്റുള്ളവരുടെ സന്തോഷത്തിന് കാരണമാകാനാണ് ശ്രമിച്ചത്. ജമാഅത്തിൽ പല പദവികളും വഹിച്ചിട്ടുണ്ട്. അസി. സെക്രട്ടറി, മാൽ അസി. സെക്രട്ടറി, സെക്രട്ടറി വസ്വായ എന്ന നിലയ്ക്കും സഹായിച്ചിട്ടുണ്ട്. വളരെ ശ്രമകരമായും താൽപര്യത്തോടെയും ജോലികൾ നിർവ്വഹിച്ചിരുന്നു. പറയുന്നു: എന്റെ ജോലികളിലും എന്നെ സഹായിച്ചിരുന്നു. ഒരിക്കലും എന്റെ ജമാഅത്തുപരമായ ജോലികളിൽ ആക്ഷേപിക്കുകയോ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ല. യഥാർഥത്തിൽ വഖഫിന്റെ ആത്മാവ് ശരിയായ അർഥത്തിൽ മനസ്സി

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ലാക്കിയിരുന്നു. എല്ലാ റമളാനിലും മൂന്നുതവണ ചിലപ്പോൾ നാലു തവണയും വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കിയിരുന്നു. ഖിലാഫത്തിനോട് അഗാധമായ ആദരവുംസ്നേഹവുമുണ്ടായിരുന്നു. അവരുടെ മാതാവ് സയ്ബുന്നിസ പറയുന്നു: മർഹൂമാ എന്റെ ഏറ്റവും ഇളയ മകളായിരുന്നു. എല്ലാവരേയും സ്നേഹിക്കുകയും എല്ലാവരോടും ഇടപഴകുകയും ചെയ്യുന്ന കുട്ടിയായിരുന്നു. ഞങ്ങളെയെല്ലാം നല്ലപോലെ സ്നേഹിച്ചിരുന്നു. എന്റെ മക്കളിൽ ഏറ്റവും കാര്യഗ്രാഹ്യമുള്ളവളായിരുന്നു. നമസ്കാരം നോമ്പ് കാര്യങ്ങളിലും കൃത്യനിഷ്ഠയും ജമാഅത്തി ജോലികളിൽ മുൻപന്തിയിലും ഉണ്ടാകുമായിരുന്നു. ഞാൻ ഹാഫിളാബാദിലെ പീർക്കോട്ട് ഥാനി ഗ്രാമത്തിൽ ലജ്ന സ്വദ്റായിരുന്നപ്പോൾ എന്റെ ജോലികളിൽ ഒരുപാട് സഹായിച്ചിരുന്നു. റബ്വയിൽ വന്നും ജമാഅത്തി ജോലികളിൽ സഹായിച്ചിരുന്നു.

അടുത്ത അനുസ്മരണം റബ്വയിലെ മർഹൂം അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെ ഭാര്യ റളിയ സുൽത്വാന സാഹിബയുടേതാണ്. ഇവർ ഐവറികോസ്റ്റ് അമീറും മുബല്ലിഗ് ഇൻചാർജുമായ അബ്ദുൽ ഖയ്യൂം പാഷാ സാഹിബിന്റെ മാതാവുമായിരുന്നു. ഇവർ കഴിഞ്ഞദിവസം 92-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു.

ഖയ്യൂം പാഷാ സാഹിബ് എഴുതുന്നു: ഇവർ തഹ്രീക്കെ ജദീദ് മുൻ വക്കീലുൽ അത്‌ലാ ചൗദരി ഹമീദുല്ലാഹ് മർഹൂം സാഹിബിന്റെ സഹോദരിയും ആയിരുന്നു. മാതാപിതാക്കൾ 1929-ലാണ് ബയ്അത്ത് ചെയ്തത്. ആരംഭകാലം മുതലേ റൂഹാനിഖസാഇൻ വായിക്കാൻ നല്ല താൽപര്യമായിരുന്നു. അവർ ജീവിതത്തിൽ നിരവധി തവണ റൂഹാനിഖസാഇൻ വായനയോടൊപ്പം തഫ്സീർ കബീറും ഇതര ജമാഅത്തീ സാഹിത്യങ്ങളും വായിച്ചിട്ടുണ്ട്. തന്റെ മുഹല്ലയായ ദാറുൽ ഉലൂം വസ്ത്വിയിൽ ലജ്ന സ്വദ്റായും മാൽ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. പറയുന്നു: എന്റെ ചില കുടുംബക്കാർ ഉമ്മയോട് പറഞ്ഞു: നിങ്ങൾക്ക് ഒരു മകനല്ലേ ഉള്ളൂ. ഭർത്താവ് മരണപ്പെടുകയും ചെയ്തിരിക്കുന്നു. ഇവനെ ജാമിഅയിൽനിന്ന് മുറബ്ബിയാക്കുന്നതിനുപകരം -അവർക്കാകട്ടെ ജീവിക്കാനുള്ള അലവൻസല്ലാതെ മറ്റൊന്നും കിട്ടുന്നതുമല്ല- മറ്റേതെങ്കിലും ഫീൽഡിൽ വിട്ടാൽ മതി. മാതാവ് പറഞ്ഞു: ഇവൻ ജാമിഅയിൽ പഠിക്കുന്നതായിരിക്കും! ഉപജീവനത്തെപ്പറ്റിയാണെങ്കിൽ അല്ലാഹുവാണ് രിസ്ഖ് നൽകുന്നവൻ. എനിക്ക് അവനിൽ പ്രതീക്ഷയുണ്ട്.

പറയുന്നു: മാതാവിന് പെൻഷനോ മറ്റേതെങ്കിലും തുകയോ കിട്ടിയാൽ ഉടൻ നേരെ സെക്രട്ടറി മാലിന്റെ വീട്ടിൽ പോയി തന്റെ വസിയ്യത്ത് ചന്ദ കൊടുത്തു വരുമായിരുന്നു. ഒരിക്കലും മാൽ സെക്രട്ടറിക്ക് ചന്ദഃ വാങ്ങാൻ ഞങ്ങളുടെ വീട്ടിൽ വരേണ്ടി വന്നിട്ടില്ല. അവരുടെ സന്തപ്ത കുടുംബത്തിൽ ഒരു മകനും, 2 പെൺമക്കളുമുണ്ട്. ഞാൻ പറഞ്ഞതുപോലെ ഐവറികോസ്റ്റ് ഇൻചാർജ് മിഷണറി അബ്ദുൽഖയ്യൂം പാഷാ സാഹിബ് ഇവരുടെ മകനാണ്. ഫീൽഡിലായതുകൊണ്ട് അദ്ദേഹത്തിന് ഉമ്മയുടെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. അല്ലാഹു അദ്ദേഹത്തിന് സ്വബ്റും സഹനവും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതാവിന്റെ പദവി ഉയർത്തുമാറാകട്ടെ.

അടുത്തത് ലാഹോറിലെ ഡോക്ടർ മുഹമ്മദ് സലിം സാഹിബിന്റെ ഭാര്യ ബുശ്റാ ബീഗം സാഹിബയുടേതാണ്. ഇവർ സിയറാ ലിയോൺ മുബല്ലിഗ് ഇൻചാർജ് മുഹമ്മദ് നഈം അള്ഹർ സാഹിബിന്റെ മാതാവാകുന്നു. കഴിഞ്ഞദിവസം 78-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ 2 ആൺമക്കളും 5 പെൺമക്കളുമുണ്ട്. മകൻ നഈം അള്ഹർ സാഹിബ് ഫീൽഡിലാ യതുകൊണ്ട് മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. അതായത് ഖബ്റടക്കത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. നഈം അള്ഹർ സാഹിബ് എഴുതുന്നു: മാതാവ് ജന്മനാ അഹ്മദി അല്ലായിരുന്നു. പക്ഷേ, കുടുംബക്കാരിൽ അഹ്മദിയ്യത്ത് ഉണ്ടായിരുന്നു. അവർ സത്യത്തെ അന്വേഷിക്കുകയുമായിരുന്നു. അല്ലാഹുവിന്റെ സവിധത്തിൽ ഒരുപാട് ദുആ ചെയ്തതിനുശേഷം മനസ്സിന് തൃപ്തി വരുകയുണ്ടായി. അവസാനം 1964-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ കൈയിൽ ബയ്അത്ത് ചെയ്തു. ആയുഷ്കാലം മുഴുവൻ ഈ ബന്ധം കൂറോടുകൂടി നിലനിറുത്തുകയും ചെയ്തു. അഹ്മദിയ്യത്തിനുവേണ്ടി എല്ലാവിധ ത്യാഗത്തിനും എപ്പോഴും തയ്യാറായിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധാരാളമായി ദുആ ചെയ്യുമായിരുന്നു. അഞ്ചുനേര നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളതോടൊപ്പം തഹജ്ജുദും അനുഷ്ഠിക്കുമായിരുന്നു. നല്ല ധൈര്യവും സ്ഥൈര്യവുമുള്ള സ്ത്രീയായിരുന്നു. നിശബ്ദയായി പ്രയാസങ്ങൾ നേരിടുമായിരുന്നു. ഒരിക്കലും പരാതി പറയുമായിരുന്നില്ല. കാലത്തിന്റെ ഖലീഫയുടെ എല്ലാവിധ സാമ്പത്തിക ത്യാഗത്തിനുള്ള ആഹ്വാനത്തിലും നിർലോഭം ഭാഗഭാക്കാകുമായിരുന്നു. ജമാഅത്തീ ചന്ദകൾ കൃത്യമായി ആദ്യസമയത്തു തന്നെ കൊടുത്ത് വീട്ടിയിരുന്നു. പിന്നീട് അധിക ചന്ദഃയും നൽകിയിരുന്നു. ആവശ്യക്കാരെയെല്ലാം കഴിവിനനുസരിച്ച് സഹായിച്ചിരുന്നു. ആരേയും വെറും കൈയോടെ വിട്ടിരുന്നില്ല. അല്ലാഹു മർഹൂമയോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. മക്കൾക്കുവേണ്ടിയുള്ള അവരുടെ ദുആകൾ സ്വീകരിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം നോർവെയിലെ റശീദ് അഹ്മദ് ചൗദരി സാഹിബിന്റേതാണ്. ഇദ്ദേഹം ചൗധരി ഗുലാം ഹുസയ്ൻ ഓവർസിയറുടെ മകനാകുന്നു. ഇദ്ദേഹം കഴിഞ്ഞ ദിവസം 82-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. തന്റെ രോഗത്തെ വളരെ ധൈര്യപൂർവ്വം, സ്ഥൈര്യത്തോടും ക്ഷമയോടും നേരിട്ടു. കുറച്ചുകാലമായി നല്ലപോലെ രോഗാതുരനായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ചൗദരി ഗുലാം ഹുസയ്ൻ സാഹിബ് ഓവർസിയറായി 1926-ൽ ഖാദിയാനിലെ ത്തി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈകളിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിരുന്നു. പിന്നീട് ജീവിതം വഖ്ഫു ചെയ്തു. അദ്ദേഹത്തിന് ഖാദിയാൻ, റബ്വ എന്നിവിടങ്ങളിൽ ദാറുൽ ഖളായിൽ ഖാളിയായി സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ബിൽഡിംഗിന്റെ നിർമാണ മേൽനോട്ട ചുമതലയും വഹിച്ചിട്ടുണ്ട്. ചൗദരി റശീദ് സാഹിബിനും തന്റെ പിതാവിന്റെ കൂടെ റബ്വയിൽ ആരംഭകാലത്ത് പ്രവർത്തിക്കാൻ ഒരുപാട് അവസരം ലഭിച്ചിട്ടുണ്ട്.

രണ്ടും മൂന്നും ഖിലാഫത്തു കാലത്ത് *ഖസ്റെ ഖിലാഫത്തിലും* മറ്റു ജമാഅത്തീ ബിൽഡിംഗുകളിലും ഇലക്ട്രീഷനായി ഒരുപാട് ജോലി ചെയ്തിട്ടുണ്ട്. 1970-ൽ നോർവയിലേക്ക് പോയി. അവിടെ ജമാഅത്തി സേവനങ്ങളിൽ മുൻപന്തിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റേത് നിർലോഭ സേവനങ്ങളായിരുന്നു. നോർവെയിലെ ആദ്യത്തെ കേന്ദ്രം ഉണ്ടാക്കുന്നതിലും അദ്ദേഹത്തിന്റെ നിർലോഭ സേവനമുണ്ട്. അവിടെ ജോലി ചെയ്തുകൊണ്ട് ജമാഅത്തിന്റെ വലിയൊരു തുക അദ്ദേഹം മിച്ചം പിടിക്കുകയുണ്ടായി. നീണ്ടകാലം നോർവെ ജമാഅത്തിൽ ഉമൂറെആമ സെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കൾ മുസഫ്ഫർ ചൗദരിയും മുനവർ ചൗദരിയും എഴുതുന്നു:

ഖിലാഫത്തിനോട് അഗാധവും നിസ്സീമവുമായ സ്നേഹമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ നോർവെ പര്യടനത്തിന്റെ മുഴുവൻ ചുമതലയും ഇദ്ദേഹത്തിനായിരുന്നു. ഹുദൂർ അദ്ദേഹത്തെ നോർവയിലെ തന്റെ ഗൈഡ് എന്നാണ് പറഞ്ഞിരുന്നത്. ഖുത്ബ ജുമുഅയിലും അദ്ദേഹത്തെ അനുസ്മരിച്ചിട്ടുണ്ട്. എന്നോടും ഖിലാഫത്തിൽ വന്നശേഷം വളരെ കൂറുള്ള ബന്ധമായിരുന്നു. നേരത്തേയും പരിചയമുണ്ടായിരുന്നു. പിന്നീട് ഈ ബന്ധം വലുതായി. അദ്ദേഹത്തിന്റെ പിതാവ് എന്റെ പിതാവിന്റെ വലിയ അടുപ്പക്കാരനായിരുന്നു. ചെറുപ്പകാലത്ത് തന്നെ മൗലവി ഗുലാം ഹുസയ്ൻ സാഹിബിനെ ഞങ്ങൾ കണ്ടിട്ടുണ്ട്. സദാ മന്ദസ്മിതനായിരുന്നു. വളരെ നല്ല സ്വഭാവമായിരുന്നു. ചൗദരി റശീദ് സാഹിബിന്റെ സ്വഭാവവും തന്റെ പിതാവിനോട് വളരെയേറെ താദാത്മ്യമുള്ളതായിരുന്നു.

അല്ലാഹു അദ്ദേഹത്തോട് പൊറുമയോടെ വർത്തിക്കുമാറാകട്ടെ. മതപരവും ജാതീയവുമായി ഒരു വകഭേദവുമില്ലാതെ എല്ലാവരോടും സഹാനുഭൂതിയോടെ പ്രവർത്തിക്കാൻ എപ്പോഴും തയ്യാറായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയും 2 ആൺമക്കളും 4 പെൺമക്കളുമുണ്ട്. ഇദ്ദേഹം ആസ്ത്രേലിയാ ജമാഅത്ത് അമീറും മിഷണറി ഇൻ ചാർജുമായ ഇനാമുൽഹഖ് കൗഥർ സാഹിബിന്റെ അളിയനായിരുന്നു. അല്ലാഹു എല്ലാവർക്കും സ്വബ്റും സഹനവും നൽകുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം ഇവരുടെയെല്ലാം ജനാസ നമസ്കരിക്കുന്നതാണ്.

---

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

**അനുഗൃഹീത റമളാനുമായി തഹ്‌രീക്കെ ജദീദിന് അഗാധമായ ബന്ധം.**

തഹ്‌രീക്കെ ജദീദിന്റെ സ്ഥാപകനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറയുന്നു:

നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ തഹ്‌രീക്കെ ജദീദ് അനുസരിച്ച് പ്രവർത്തിക്കുക. തഹ്‌രീക്കെ ജദീദിന് ഗുണം ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലങ്ങളെടുക്കുക. ലളിതമായി ജീവിക്കുക. തങ്ങളെ സ്വയം അധ്വാനത്തിന്റേയും പ്രയാസത്തിന്റേയും ത്യാഗത്തിന്റേയും ശീലമുള്ളവരാക്കുക. ഇതാണ് തഹ്‌രീക്കെ ജദീദ്. ഈ പാഠം നിങ്ങളെ പഠിപ്പിക്കാനാണ് റമളാൻ വരുന്നത്. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ പരിശ്രമിക്കുക......... തഹ്‌രീക്കെ ജദീദിന്റെ റമളാനാകാനും റമളാൻ തഹ്‌രീക്കെ ജദീദിന്റേതാകാനും ഓരോ വ്യക്തിയും കഠിനമായി ശ്രമിക്കേണ്ടതാണ്. റമളാൻ നമ്മുടെ ശരീരേച്ഛയെ കൊന്നിടുന്നതാകണം. തഹ്‌രീക്കെ ജദീദ് നമ്മുടെ ആത്മാവിന് നവോന്മേഷം പകരുന്നതാകണം.റമളാനിൽനിന്ന് ഫലമെടുക്കുക എന്നു ഞാൻ പറയുമ്പോൾ, യഥാർഥത്തിൽ ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരുന്നത്, നിങ്ങൾ തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ റമളാനിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുക എന്നാണ്. തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കുക എന്നു ഞാൻ പറയുമ്പോൾ മറ്റു വാക്കുകളിൽ ഞാൻ നിങ്ങളോട് പറയുന്നത്, നിങ്ങൾ എല്ലാ അവസ്ഥയിലും റമളാനിന്റെ സ്വഭാവം നിങ്ങളുടെമേൽ നടപ്പിൽ വരുത്തുക എന്നാണ്. ശരിയായ ത്യാഗത്തിന്റേയും നിരന്തരമായ ആത്മസമർപ്പണത്തിന്റേയും ശീലമുണ്ടാക്കുക എന്നാണ്. ഏതൊരു റമളാനാണോ സത്യമായ ആത്മസമർപ്പണം കൂടാതെ കടന്നുപോകുന്നത്, അത് റമളാനല്ല. ആത്മാവിന്റെ നവോന്മേഷം കൂടാതെ കടന്നു പോകുന്ന തഹ്‌രീക്കെ ജദീദും, തഹ്‌രീക്കെ ജദീദല്ല. (ജുമുഅ ഖുത്ബ 1938 നവംബർ)

ഇതിനോടനുബന്ധിച്ച് 1938 നവംബർ 11ന് ചെയ്ത ഖുത്ബ ജുമുഅയുടെ അവസാനം ഖലീഫത്തുൽ മസീഹ് ഥാനി (റ) ജമാഅത്തിനോട് തഹ്‌രീക്കെ ജദീദിന് ചന്ദ കൊടുക്കുന്നവർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യാൻ പറയുകയുണ്ടായി. അവിടന്ന് പറഞ്ഞു:

റമളാനിന്റെ അവസാനത്തെ പത്ത് വരാൻ പോകുകയാണ്. ഇതിനെ തഹ്‌രീക്കെ ജദീദിനുവേണ്ടി മുമ്പേ ചെയ്ത ത്യാഗങ്ങൾക്ക് നന്ദിയും ഭാവിയിൽ ശക്തി കരസ്ഥമാക്കുന്നതിനും വേണ്ടി ചെലവഴിക്കുക. ആർക്കാണോ കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ ഭാഗ്യം കിട്ടിയത്, അവർ അതിനു അല്ലാഹുവിനോട് നന്ദി കാണിക്കുക. ദുആ ചെയ്യുന്ന ഓരോരുത്തരും അല്ലാഹുവിനോട് എല്ലാ ത്യാഗത്തിനുവേണ്ടിയും ദുആ ചെയ്യുക; അവർ ദീനിന്റെ ശക്തിക്കും ജമാഅത്തിന്റെ പ്രബലതയ്ക്കുംവേണ്ടി ചെയ്ത ത്യാഗത്തിന്റെ ഫലമായി അല്ലാഹു അവരിൽ തന്റെ കൃപാദാനവും കാരുണ്യവും ഇറക്കുന്നതിനും ഏതൊരു സ്നേഹത്തോടും ആത്മാർഥതയോടുംകൂടി അവർ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തുവോ അതനുസരിച്ച് അല്ലാഹു തന്റെ സ്നേഹവും അനുഗ്രഹങ്ങളും അവരിൽ ഇറക്കുന്നതിനുംവേണ്ടിത്തന്നെ! ആമീൻ. (അൽഫള്ൽ 1938 നവംബർ 15 പേജ്: 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്ന് പുറപ്പെടുന്ന അൽഫള്ൽ ദിനപത്രത്തിൽ വന്ന വിളംബരം അനുസരിച്ച് തഹ്‌രീക്കെ ജദീദിന്റെ തുടക്കംമുതൽത്തന്നെ ജമാഅത്തിലെ ആത്മാർഥരായ അംഗങ്ങൾ റമളാൻ മാസം പകുതിയാകുന്നതോടെ തങ്ങളുടെ തഹ്‌രീക്ക് ജദീദ് ചന്ദയുടെ വാഗ്ദാനങ്ങൾ നൂറുശതമാനവും അടച്ചു തീർത്ത് അല്ലാഹുവിന്റെ കൃപാദാനങ്ങളും അനുഗ്രഹങ്ങളും ആകർഷിച്ചെടുക്കാൻ പരിശ്രമിച്ചുവരുന്നു. ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയിട്ടുള്ള കഴിവനുസരിച്ച് ഒരിക്കൽ വീണ്ടും അതിരറ്റ ദൈവിക കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിക്കുന്ന ഈ പരിശുദ്ധ മാസത്തിലൂടെ കടന്നുപോകുകയാണ്. തഹ്‌രീക്കെ ജദീദിന്റെ സഹായികളോടു അപേക്ഷിക്കുകയാണ്. അവർ തങ്ങളുടെ ശോഭനീയമായ ജമാഅത്തീപാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 ന് അതായത് മാർച്ച് 31-നുള്ളിൽ തങ്ങളുടെ കർത്തവ്യങ്ങൾ പൂർണമായും നിറവേറ്റി ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ സ്വീകാര്യമായ ദുആകളിൽനിന്ന് കൂടുതൽ ഭാഗം കരസ്ഥമാക്കാനുള്ള ഭാഗ്യം നേടുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ജില്ല അമീർമാരോടും തദ്ദേശ അമീർമാരോടും സ്വദർ മാരോടും തഹ്‌രീക്കെ ജദീദ് സെക്രട്ടറിമാരോടും മുബല്ലിഗ് ഇൻചാർജ് സാഹിബുമാരോടും അപേക്ഷിക്കുകയാണ്, ദയവു ചെയ്ത് അവരവരുടെ ജമാഅത്തിലെ നൂറു ശതമാനം ചന്ദ അടച്ചവരുടെ ലിസ്റ്റുകൾ 2024 ഏപ്രിൽ 3-ാം തിയതിക്കുള്ളിൽ പോസ്റ്റു മുഖേനയും ഏപ്രിൽ 8-ാംവരെ ഫാക്സ് അല്ലെങ്കിൽ ഈ മെയിൽ മുഖേനയും ഖാദിയാൻ വക്കാലത്തുൽ മാൽ തഹ്‌രീക്കെ ജദീദിന് അയച്ചുതരിക. എല്ലാ ജമാഅത്തുകളുടേയും ഒന്നിച്ചുള്ള ലിസ്റ്റ് റമളാൻ 29ന് നടക്കുന്ന ഇജ്തിമാഈ ദുആയിൽ സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നതിനുവേണ്ടി. ജസാക്കുമുല്ലാഹു ഖയ്റാ. (വക്കീലുൽ മാൽ തഹ്‌രീക്കെ ജദീദ് ഖാദിയൻ)

**നോമ്പു പിടിക്കുക; അത് ചെയ്യാൻ പറ്റാത്ത കല്പനയല്ല.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഭക്ഷണം കഴിക്കുക എന്നത് മനുഷ്യന് നിർബന്ധമായിട്ടുള്ള കാര്യമാണ്. നിനക്ക് ഒരു ദീർഘകാലം അതുപേക്ഷിക്കേണ്ടിവരുമെന്ന് പറഞ്ഞാൽ അതുകേട്ട് അവൻ പരിഭ്രമിച്ചു പോകും. പക്ഷേ, അല്ലാഹു എത്ര സൂക്ഷ്മമായ നിലയിലാണ് ഇക്കാര്യം വിവരിച്ചിട്ടുള്ളത്. അവൻ നിർദ്ദേശിക്കുന്നു. അല്ലയോ മുഅ്മിനീങ്ങളേ! നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഈ കല്പനകേട്ട് എങ്ങനെ ഭക്ഷണവും പാനീയവും, ഒരു പരിധിവരെ സംസാരവും, സ്ത്രീകളുമായിട്ടുള്ള സംസർഗവും ഉപേക്ഷിക്കുമെന്നോർത്ത് ആളുകൾ പരിഭ്രമിക്കാനിടയുണ്ട്. അതുകൊണ്ടാണ് പറഞ്ഞത്, കമാ കുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും ഇത് ആർക്കും ചെയ്യാൻ പറ്റാത്ത കല്പനയൊന്നുമല്ല. ഈ കല്പന നാം മുമ്പേയുള്ളവർക്കും കൊടുത്തുവന്നിട്ടുള്ളതാണ്. അതുകൊണ്ട് നിങ്ങൾ പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല. (ഖുത്ബാത്തെ മഹ്‌മൂദ് വാള്യം: 4, പേജ: 143. ഖുത്ബ ജുമുഅ 1914 ജൂലായ് 31)

**അശനപാനീയങ്ങൾ ഉപേക്ഷിക്കുന്നത് ഒരു പ്രാക്ടീസാണ്:**

അല്ലാഹുവിനുവേണ്ടി അശനപാനീയങ്ങൾ ഉപേക്ഷിക്കുക എന്നത്, എപ്പോഴെങ്കിലും മുസീബത്തു വരുമ്പോൾ അത് ഗൗനിക്കാതിരിക്കാനുള്ള പ്രാക്ടീസാണ്. ഇപ്രകാരംതന്നെ അല്ലാഹുവിനുവേണ്ടി ഭാര്യമാരുമായിട്ടുള്ള സംസർഗം ഉപേക്ഷിക്കലും രാത്രി ഉണർന്നുണർന്ന് ആരാധന നടത്തലുമെല്ലാം എന്തെങ്കിലും വിഷമം സഹിക്കേണ്ടിവരികയും എന്തെങ്കിലും ഉപേക്ഷിക്കേണ്ടിവരികയും ചെയ്താൽ പരിഭ്രമിക്കാതിരിക്കാനുള്ള തയ്യാറെടുപ്പാണ്. റമളാൻ മാസത്തിൽ മുഅ്മിൻ അല്ലാഹുവിനുവേണ്ടി മാത്രം ഭക്ഷണം ഉപേക്ഷിക്കുന്നു. എപ്പോഴെങ്കിലും അല്ലാഹുവിന്റെ വഴിയിൽ എന്തെങ്കിലും ഉപേക്ഷിക്കേണ്ടിവന്നാൽ, തീർച്ചയായും ഉപേക്ഷിക്കുമെന്നതിനുള്ള മാതൃകയാണിത്. മുഅ്മിൻ റമളാൻ മാസത്തിൽ വെള്ളം കുടിക്കുന്നത് അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കുന്നു. ഭാര്യയുമായിട്ടുള്ള സംസർഗം അല്ലാഹുവിനു വേണ്ടി ഉപേക്ഷിക്കുന്നു. തന്റെ ഉറക്കം ബലിയർപ്പിച്ച് അല്ലാഹുവിനോടുള്ള ആരാധനയിൽ മുഴുകുന്നു. ഇതു അല്ലാഹു മനുഷ്യന് മാതൃക കാണിക്കുകയാണ്. അതായത് നിങ്ങൾ ഒരു മാസം പരിശീലിച്ചു നോക്കുക. എവിടെയെങ്കിലും നിങ്ങൾക്ക് ഇത്തരം കാര്യങ്ങൾ നേരിടേണ്ടി വന്നാൽ സുഗമമായി അതു ചെയ്തുതീർക്കാൻവേണ്ടിയാണിത്.(ഖുത്ബാത്തെ മഹ്‌മൂദ്, വാള്യം: 4, പേജ്:144 ഖുത്ബ ജുമുഅ 1914 ജൂലായ് 31)

**റമളാൻ മാസത്തിൽ രോഗികൾക്കും യാത്രക്കാർക്കും ഇളവ്:**

ഇക്കാലഘട്ടം ആത്മീയ പുരോഗതികളുടേതാണ്. ആത്മീയ പുരോഗതികളിൽ നോമ്പ് നിർബന്ധമാണ്. അതുകൊണ്ട് അതിനെ ഉപേക്ഷിച്ചു കളയരുത്. ദുആകളിലൂടെ ദൈവസാമീപ്യം അന്വേഷിച്ചു കൊള്ളുക. സാധാരണയായി രോഗികളെന്ന് പറഞ്ഞുനടക്കുന്നവർക്കും യാത്രക്കാർക്കും നോമ്പ് മാപ്പല്ല, അവർ മറ്റു ദിനങ്ങളിൽ പിടിച്ചുവീട്ടേണ്ടതാണ്. നല്ല ആരോഗ്യവാനായ ഒരാൾപോലും വൈദ്യന്റെ അടുത്തു പോയാൽ അയാൾ എന്തെങ്കിലും പരിശോധന നടത്തി രോഗം പറഞ്ഞു തരും. അത്തരം രോഗം രോഗമല്ല.

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

പ്രത്യുത പൊതുവെ രോഗമെന്നു പറയുന്നതാണ് രോഗം.........

**യാത്രയിൽ നോമ്പ്:**

........ ഇതുപോലെ തന്നെയാണ് യാത്രയും. അത് യാദൃച്ഛികമായി വരുന്നതായിരിക്കും. എന്നാൽ, കച്ചവടക്കാരനോ ഉദ്യോഗസ്ഥനോ പര്യടനം നടത്തുന്നത് അയാളുടെ ജോലിയുടെ ഭാഗമാണെങ്കിൽ അതുയാത്രയല്ല. യാദൃച്ഛികമായി ചെയ്യേണ്ടിവരുന്ന യാത്രയാണ്, യാത്ര എന്നുപറയുന്നത്. ഒരിക്കൽ സ്ഥിരമായിട്ട് യാത്ര ചെയ്യേണ്ടിവന്നാൽ, അയാൾ യാത്രക്കാരനല്ല; ചില്ലറ സാധനങ്ങൾ വിൽക്കാനോ യാചനക്കായോ ഗ്രാമങ്ങൾതോറും ചുറ്റിനടക്കുന്നവനെപ്പോലെയാണവൻ!

തങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവരുന്നുവെന്നും തങ്ങൾക്ക് നോമ്പു പിടിക്കാൻ സാധിക്കുന്നില്ലെന്നും കർഷകൻ പറയുന്നു. അവർ അറിഞ്ഞിരിക്കേണ്ടതാണ്, അവരുടെ ജോലി അതായതുകൊണ്ട് അവർക്ക് ജഡികമായ ബുദ്ധിമുട്ട് വളരെ കുറഞ്ഞതായിരിക്കും. ഈ കഠിനാധ്വാനത്തിന്റെ ഫലമായി, അവരുടെ ബുദ്ധിമുട്ടിന്റെ ബോധംതന്നെയും കുറഞ്ഞിട്ടാണ് അനുഭവപ്പെടുക. ബൗദ്ധികമായി ജോലി നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ? ഒരാൾ ഓപ്റേഷൻ ചെയ്യുകയാണെങ്കിൽ അവന് ക്ലോറോഫോം വേണ്ടിവരും. കർഷകർ പറയുന്നത് അവർക്ക് ക്ലോറോഫോമിന്റെ ആവശ്യമില്ലെന്നാണ്. കാരണം ബൗദ്ധികമായി ജോലിചെയ്യുന്നവരുടെ ബോധം ശക്തമാണ്. ഇവരുടേത് അശക്തവും. അതിനാൽ ബൗദ്ധികമായി തൊഴിലെടുക്കുന്നവർ ആ അധ്വാനം സഹിക്കുകയില്ല. അതുകൊണ്ടാണ് വെയിലിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് അവർ തണലത്തിരുന്നു ജോലിയെടുക്കുന്നത്. കർഷകർക്ക് ശാരീരികമായി അധ്വാനിക്കേണ്ടിവരുന്നു. അതുകൊണ്ട് അവർ നോമ്പു പിടിക്കുകയാണെങ്കിൽ അവരുടെ കഠിനാവസ്ഥകാരണത്താൽ അവർക്ക് ഒരു വിഷമവും ഉണ്ടാകുകയില്ല. വായിക്കുന്നവർ വായിച്ച് വായിച്ച് ക്ഷീണിതരായിപ്പോയി. എന്നാൽ കർഷകർ പണിയെടുത്തെടുത്ത് ശക്തരായിരിക്കുന്നു. അതുകൊണ്ട് ഈ സാഹചര്യമനുസരിച്ച് കർഷകർക്കും നോമ്പുപിടിത്തം ദുഷ്കരമല്ല. (ഖുത്ബാത്തെ മഹ്മൂദ് വാല്യം: 6 പേജ് 462,463 ഖുത്ബ ജുമുഅ 1920 ജൂൺ 11)

**അല്ലാഹു ചിഹ്നങ്ങളെ നിന്ദിക്കരുത്:**

നോമ്പു പിടിക്കാത്തവർ ആളുകളുടെ മുമ്പിൽ, തിന്നും കുടിച്ചും നടക്കുകയാണെങ്കിൽ കൂടുതൽ പാപിയാകും. കാരണം അവന്റെ ഈ പ്രവർത്തികൊണ്ട് ജനങ്ങൾക്ക് നോമ്പ് ഉപേക്ഷിക്കാനുള്ള പ്രേരണ ഉണ്ടാകുന്നു. ആരെങ്കിലും മോഷ്ടിക്കുകയാണെങ്കിൽ പിടിക്കപ്പെടാതിരിക്കാൻ മറച്ചുവെക്കുന്നു. പക്ഷേ, നോമ്പ് ഉപേക്ഷിക്കുന്നവനും മറ്റുള്ളവരുടെ മുമ്പിൽ തിന്നും കുടിച്ചും നടക്കുന്നവനും, മറ്റുള്ളവരെ നോമ്പുപേക്ഷിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. അത്തരം മനുഷ്യൻ അല്ലാഹുവിന്റെ ചിഹ്നങ്ങളെ നിന്ദിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവർ കാണുംവിധമുള്ള പാപം മറ്റുള്ളവരെയും അതിനുപ്രേരിപ്പിക്കുന്ന തിന് കാരണമായിത്തീരുന്നു. അത് കൂടുതൽ ശിക്ഷാർഹമാണ്. ശരീഅത്തിന്റെ കല്പനകളെ ഇപ്രകാരം തള്ളിക്കളയുന്നവൻ, ഇസ്‌ലാം മുഴുലോകത്തിനും എല്ലാകാലത്തേക്കുമുള്ളതല്ലെന്ന് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്! ഇസ്‌ലാമിന്റെമേലുള്ള ഇത്തരം ആക്രമണം വളരെ വലിയ പാപമാണ്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം: 6, പേജ്: 462, ഖുത്ബ ജുമുഅ 11/6/1920)

**തഖ്‌വ മുന്നിൽ കണ്ട് നോമ്പനുഷ്ഠിക്കുക:**

മുസ്‌ലിമീങ്ങൾ നോമ്പ് നോൽക്കുന്നത് പൊതുവെ നമ്മൾ കാണുന്നുണ്ട്. പക്ഷേ, നമസ്കാരങ്ങളിലേക്കും മറ്റു നന്മകൾ ചെയ്യുന്നതിലേക്കും തീരെ ശ്രദ്ധയുണ്ടാകുന്നില്ല. എന്നല്ല കളവ്, വിശ്വാസവഞ്ചന, ചീത്ത പറച്ചിൽ തുടങ്ങിയവയൊന്നും റമളാൻ മാസത്തിലും നിറുത്തുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നോമ്പിന്റെ യഥാർഥ ഉദ്ദേശ്യം മുന്നിൽ കാണുന്നതിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് പറയുന്നു:

അല്ലാഹു തന്റെ ദാസരോടു പറയുന്നു: വിശ്വസിച്ചിരിക്കുന്നുവെന്നാണ് നിങ്ങൾ വാദിച്ചിട്ടുള്ളത്. പക്ഷേ, നിങ്ങൾ അനശ്വരമായി തഖ്‌വയിൽ നിലനില്ക്കാത്തിടത്തോളം, നിങ്ങളുടെ റബ്ബിനോടുള്ള ഭയം മനസ്സിൽ ഉണ്ടാകാത്തിടത്തോളം നിങ്ങൾക്ക് മുഅ്മിനാകാൻ സാധ്യമല്ല. നമസ്കാരം ആചാരപരമായി യഹൂദികളും അനുഷ്ഠിക്കുന്നുണ്ട്. നോമ്പ് ആചാരപരമായി ഹിന്ദുക്കളും പിടിക്കുന്നുണ്ട്. ഹിന്ദുക്കൾ എട്ടു നോമ്പ് നോൽക്കുന്നു. മുമ്മൂന്നു ദിവസം ഭക്ഷണം കഴിക്കാറെയില്ല. അവരുടെ ഈ നോമ്പുകൾക്ക് വലിയ സമ്മാനമോ നേട്ടമോ ഇല്ല. കാരണം അവർ ഈ പ്രവർത്തി തഖ്‌വയും അനുസരണവും അടിസ്ഥാനമാക്കിയല്ല ചെയ്യുന്നത്. പ്രത്യുത ഒരു സമ്പ്രദായമെന്ന നിലയിൽ, ചടങ്ങെന്ന നിലയിലാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ ചിന്തിക്കുക. മാസം മുഴുവൻ നിങ്ങൾ ബുദ്ധിമുട്ടുകയും ഒരുഫലവും എടുക്കാതെയും വരിക! അതായത് നിങ്ങളുടെ ഉള്ളിൽ മാറ്റമൊന്നും ഉണ്ടാക്കിയില്ല. അപ്പോൾ ഖസിറ ദ്ദുൻയാ വൽ ആഖിറ. (22:12)

ദുൻയാവും ആഖിറത്തും പോയി എന്നല്ലാതെ എന്താണ് നേട്ടം? ഈ റമളാൻ മാസം വലിയ സമ്മാനങ്ങളുടേയും വലിയ ദൈവഭയത്തിന്റേയും മാസമാണ്. അതുകൊണ്ട് റമളാൻ വരുന്നതിനു മുമ്പേതന്നെ നിങ്ങൾ തീരുമാനമെടുത്ത്, നിങ്ങളുടെ മനസ്സുകളിൽ മാറ്റം വരുത്തുകയും വത്തഖൂ റബ്ബക്കും നിങ്ങളുടെ റബ്ബിനെ ഭയപ്പെട്ടു ജീവിക്കുക എന്ന കല്പന പാലിക്കുകയും ചെയ്യുക. (ഖുത്ബാത്തെ മഹ്മൂദ് വാല്യം:4, പേജ്:7, ഖുതുബ ജുമുഅ 29-08-1913)

( പേജ് 1 ൽനിന്ന്)

വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. ഇത് തിന്മ ചെയ്യുന്നതിൽനിന്ന് നമസ്കാരം തടയുന്നുവെന്ന് വിശുദ്ധ ഖുർആൻ പറയുന്നതുകൊണ്ടാണ് താൻ നമസ്കരിക്കാത്തതെന്ന് ആരെങ്കിലും പറയുന്നതുപോലെയാണ്. നോമ്പുകൊണ്ടുള്ള ഉദ്ദേശ്യംതന്നെ ക്ഷീണം സഹിക്കുന്നതിനുള്ള ശീലമുണ്ടാക്കുക എന്നതാണ്. അല്ലാതെ തനിക്ക് വിശപ്പും ദാഹവും സഹിക്കുമ്പോൾ ഒരുപാട് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് ആരെങ്കിലും പറയുന്നതുപോലെയല്ല. വാസ്തവത്തിൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനുള്ള ശീലമുണ്ടാക്കുന്നതിനുവേണ്ടിയാണ് നോമ്പു നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. മലക്കുകൾ പകൽമുഴുവൻ തന്റെ വയറ്റിൽ കബാബ് കുത്തി നിറച്ചുകൊണ്ടിരിക്കണമെന്ന് നോമ്പുകാരൻ ആഗ്രഹിക്കുന്നുണ്ടോ? അവൻ എപ്പോൾ നോമ്പു പിടിച്ചാലും വിശപ്പും ദാഹവും സഹിക്കേണ്ടതായിത്തന്നെവരും. കുറച്ചു ക്ഷീണവും തീർച്ചയായുമുണ്ടാകും. ആ ക്ഷീണവും തളർച്ചയും സഹിക്കുന്നതിനുള്ള ശീലമുണ്ടാകുന്നതിനാണ് നോമ്പു പിടിക്കുന്നത്. നോമ്പിന് മറ്റു ഹിക്മത്തുകളുമുണ്ടെന്നതിൽ സംശയമില്ല. ഉദാഹരണത്തിന് അതിന്റെ ഒരു യുക്തി നോമ്പു പിടിക്കുന്നതുകൊണ്ട് സാധുക്കളേയും പട്ടിണികിടക്കുന്നവരേയും സഹായിക്കുന്നതിനുള്ള ശ്രദ്ധയുണ്ടാകുന്നു. ചുരുക്കത്തിൽ നോമ്പു പിടിക്കുന്നത് അവന് ഒരു ബുദ്ധിമുട്ടും ക്ഷീണവും ഉണ്ടാകാതിരിക്കാനല്ല. പ്രത്യുത നോമ്പു പിടിക്കുന്നത് ക്ഷീണം സഹിക്കുന്നതിനുള്ള ശീലമുണ്ടാകുന്നതിനാണ്. അതിനാൽ ക്ഷീണം ഭയന്ന് നോമ്പു ഉപേക്ഷിക്കൽ ഒരിക്കലും അനുവദനീയമല്ല.(തഫ്സീറെ കബീർ, വാല്യം 2, പേജ് 366, പ്രസാധനം 2010 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

THE WEEKLY
AL HAKAM
www.alhakam.org

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945

### • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

### • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലന്റ് പര്യടനം(സെപ്റ്റംബർ 2014)

**വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര**

**ബദ്ർ വാല്യം 9, ലക്കം 10, പേജ് 11, കോളം 2-ൽ നിന്ന് തുടർച്ച......)**

***2014 സെപ്റ്റംബർ 28 ഞായറാഴ്ച:***

ഹുദൂർ രാവിലെ 6.10 ന് മസ്ജിദ് മർയമിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തുപോയി. രാവിലെ ഹുദൂർ ഓഫീസുസംബന്ധമായ കത്തുകളും മറ്റും വായിച്ച് വേണ്ട നിർദേശങ്ങൾ നല്കി.

ഇന്ന് പരിപാടിയനുസരിച്ച് ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പങ്കെടുക്കുന്ന നാഷണൽ മജ്ലിസെ ആമില ഖുദ്ദാമുൽ അഹ്മദിയ്യ, നാഷണൽ മജ്ലിസെ ആമില അൻസ്വാറുല്ലാഹ്, അയർലാൻഡ് ജമാഅത്തിന്റെ നാഷണൽ മജ്ലിസെ ആമില എന്നിവയുടെ യോഗങ്ങൾ നടക്കണമായിരുന്നു.

ഈ മീറ്റിംഗുകളുടെ ഏർപാടു ഹോട്ടലിലെ ഒരു കോൺഫ്രൻസ് ഹാളിലായിരുന്നു ചെയ്തിരുന്നത്. 11 മണിക്ക് ഹുദൂർ അൻവർ കോൺഫ്രൻസ് റൂമിലെത്തി. ഏറ്റവുമാദ്യം നാഷണൽ മജ്ലിസെ ആമില ഖുദ്ദാമുൽ അഹ്മദിയ്യായുടെ യോഗമാണ് തുടങ്ങിയത്. ഹുദൂർ ദുആ ചെയ്യിച്ചു.

ഹുദൂർ ചോദിച്ചപ്പോൾ മുഅ്ത്തമിദ് സാഹിബ് പറഞ്ഞു:മൂന്നു മജ്ലിസുകളാണ് ഞങ്ങൾക്കുള്ളത്. മൊത്തം ഖുദ്ദാമിന്റെ എണ്ണം 71 ആണ്. ഞങ്ങളുടെ നാഷണൽ ഇജ്തിമാഅ് എല്ലാ വർഷവും കൃത്യമായി നടക്കാറുണ്ട്. ഇതിനുവേണ്ടി ഹാൾ ബുക്ക് ചെയ്യുന്നു. ഇജ്തിമായിൽ സ്പോർട്ടലും നടത്തുന്നു. മജ്ലിസുകളുമായി ബന്ധപ്പെട്ടാണ് എല്ലാ പരിപാടിയും നടത്തുന്നത്. അവരിൽനിന്ന് റിപ്പോർട്ടും വാങ്ങുന്നു. ഹുദൂർ മുഹ്തമിം തർബിയ്യത്തിനോടു ചോദിച്ചു. വിവാഹിതരായ എത്ര ഖുദ്ദാമുണ്ടെന്ന് താങ്കൾക്കറിയുമോ? അപ്പോൾ മുഹ്തമിം സാഹിബ് അറിയില്ലെന്ന് പറഞ്ഞു. ഹുദൂർ പറഞ്ഞു:നിങ്ങൾ അത് അറിഞ്ഞിരിക്കേണ്ടതാണ്. നിങ്ങളുടെ റെക്കോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖാദിമിന്റെ പേര്, അയാളുടെ പിതാവിന്റെ പേര്, പ്രായം, വിദ്യഭ്യാസം, ജോലി, വരുമാനം, വിവാഹിതനാണോ അല്ലേ ഇതെല്ലാം അതിലുണ്ടാവണം.

ഹുദൂർ അൻവർ മുഹ്തമിം മാലിനോടു പറഞ്ഞു:ചന്ദ കൊടുക്കേണ്ടത് വരുമാനമനുസരിച്ച് തന്നെയായിരിക്കണം. എന്നാൽ, തങ്ങളുടെ വരുമാനമനുസരിച്ച് ചന്ദ കൊടുക്കാത്തവർ, തങ്ങളുടെ വരുമാനം പ്രകിടപ്പിക്കാത്തവർ അവർ തനിക്ക് ഇത്രമാത്രമെ കൊടുക്കാൻ കഴിയുകയുള്ളുവെന്ന് എഴുതിക്കുക.

മുഹ്തമിം തർബിയ്യത്തിനോടു ഹുദൂർ ചോദിച്ചു:വിവാഹിതരായവരുടെ ജീവിതം നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടോ? ഹുദൂർ പറഞ്ഞു:നിക്കാഹ് കഴിഞ്ഞവർക്ക് കൗൺസിലിംഗ് നടത്തണം. ഭർത്താക്കന്മാർ ഭാര്യമാരോടുള്ള കടമകൾ അറിഞ്ഞിരിക്കേണ്ടതാണ്. വിവാഹത്തിന്റെ ഉദ്ദേശ്യം പദവിയോ താമസിക്കാൻ ഇടമോ കിട്ടണമെന്നതായിരിക്കരുത്. വിവാഹത്തിന്റെ യഥാർഥ ഉദ്ദേശ്യത്തിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. തഖ്‌വാ എപ്പോഴും മുന്നിലുണ്ടായിരിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു:നമസ്കാരങ്ങളിലേക്ക് ശ്രദ്ധിക്കുക. ഇപ്പോൾ മസ്ജിദ് ഉണ്ടാക്കിയിരിക്കുന്നു. അത് ജനനിബിഢമാക്കി നിലനിറുത്തുക. മറ്റു സ്ഥലങ്ങളിൽ എവിടെയൊക്കെയാണോ സെന്ററുകളുള്ളത് അവിടേയും ഔദ്യോഗികമായി നമസ്കാരത്തിനുള്ള ഏർപാടു ചെയ്യുക.

ഹുദൂർ മുഹ്തമിം തഅ്ലീമിനോടു ചോദിച്ചു: ഖുദ്ദാമിന്റെ സിലബസിൽ ഏതുഗ്രന്ഥമാണ് വെച്ചിട്ടുള്ളത്? മുഹ്തമിം തഅ്ലീം പറഞ്ഞു:നിളാമെനൗ പുസ്തകത്തിന്റെ പരീക്ഷ കഴിഞ്ഞു.

ഹുദൂർ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥവും വെക്കുക. മുഹ്തമിം തഅ്ലീം പറഞ്ഞു:ഹഖീഖത്തുൽ വഹി എന്ന ഗ്രന്ഥത്തിന്റെ 100 പേജ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബറിൽ അതിന്റെ പരീക്ഷയുണ്ടാകും. മുഹ്തമിം തബ്ലീഗിനോടു ഹുദൂർ പറഞ്ഞു:തബ്ലീഗിന് നിങ്ങളുടെ ടാർഗറ്റ് നിങ്ങൾ സ്വയം ഉണ്ടാക്കേണ്ടതാണ്. ഖുദ്ദാമുൽ അഹ്മദിയ്യ രൂപീകരിച്ചതുതന്നെ നിങ്ങൾ നിങ്ങളുടെ പദ്ധതികളും പരിപാടികളും ഉണ്ടാക്കാനും പ്രവർത്തിക്കാനുമാണ്. നിങ്ങൾ നിങ്ങളുടേതായ നിലയിൽ പ്രവർത്തിക്കുക. ബന്ധങ്ങൾ പുലർത്തുക. സെമിനാറുകൾ സംഘടിപ്പിക്കുക. നിങ്ങൾ വിദ്യാസമ്പന്നരാണ്. നിങ്ങളിൽ ചിലർ ഡോക്ടർമാരുമാണ്. നിങ്ങൾ നിങ്ങളുടെ പബ്ലിക് റിലേഷൻസ് വർധിപ്പിക്കുക. യോഗങ്ങൾ സംഘടിപ്പിക്കുക. ആളുകളെ ക്ഷണിക്കുക. ഇപ്പോൾ മസ്ജിദിന്റെ ഉദ്ഘാടനം കഴിഞ്ഞതോടെ ആളുകൾ ശ്രദ്ധിക്കാൻ തുടങ്ങും.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ഇപ്പോൾ നിങ്ങളുടെ കൈയിൽ രണ്ടു മുബല്ലിഗുമാരുമുണ്ട്. അവരെ വിളിച്ച് ചോദ്യോത്തര സദസ്സ് സംഘടിപ്പിക്കുക.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ആമിലായിലെ ഓരോ അംഗവും കുറഞ്ഞത് ഒരാളുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്. ഒരാളെ കൊണ്ടുദ്ദേശിക്കുന്നത് ഒരു കുടുംബമാണ്. കഴിഞ്ഞ മൂന്നു വർഷമായി ഖുദ്ദാമുൽ അഹ്മദിയ്യ ഒരു ബയ്അത്തും കരസ്ഥമാക്കിയിട്ടില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ബന്ധങ്ങൾ സ്ഥാപിക്കുക. കൂട്ടുകൂടുക. ആളുകളുമായുള്ള ബന്ധം വർധിപ്പിക്കുക. പ്രവർത്തിക്കുകയും ചെയ്യുക.

മുഹ്തമിം തബ്ലീഗ് പറഞ്ഞു: തബ്ലീഗ് ചെയ്യാൻ സ്റ്റാളിടാറുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: അത് കേവലം ഒരു മാർഗമാണ്. പഴയ മാർഗമാണ്. എപ്പോൾവരെയായിരിക്കും ഇതിനെ ആശ്രയിച്ചു നിൽക്കുക. നിങ്ങൾ തബ്ലീഗ് ചെയ്യുന്നതിനുവേണ്ടി, സന്ദേശമെത്തിക്കുന്നതിനുവേണ്ടി പുതിയപുതിയ വഴികൾ എക്സ്പ്ലോർ ചെയ്യുക.

നോട്ടീസുകൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച് ഹുദൂറിന്റെ സന്നിധിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഖുദ്ദാം കഴിഞ്ഞ മൂന്നു മാസത്തിൽ 37,000 നോട്ടീസുൾ വിതരണം ചെയ്തു. കഴിഞ്ഞ വർഷം 90,000 നോട്ടീസുകൾ വിതരണം ചെയ്തു.

അപ്പോൾ ഹുദൂർ പറഞ്ഞു:അയർലാൻഡ് ചെറിയൊരു രാജ്യമാണ്. നിങ്ങൾക്ക് രാജ്യം മുഴുവൻ കവർ ചെയ്യാൻ സാധിക്കും.

അപ്പോൾ ഹുദൂർ പറഞ്ഞു:കഴിഞ്ഞ വർഷം ജാമിഅ അഹ്മദിയ്യ യു.കെ.യിൽനിന്ന് പഠിച്ചിറങ്ങിയ വിദ്യാർഥുകളെ സ്പെയിനിൽ അയച്ചു. അവർ രണ്ടുമൂന്നു ആഴ്ചകൊണ്ട് മൂന്നുലക്ഷം നോട്ടീസുകളാണ് വിതരണം ചെയ്തത്. ഇപ്പോൾ ഇതേ മാസം ജാമിഅയിലെ എട്ടൊമ്പതു കുട്ടികൾ സ്പെയിനിൽ പോയിരുന്നു. അവർ 50,000-ലധികം നോട്ടീസുകളാണ് വിതരണം ചെയ്തത്.

ഇവിടെ അയർലാൻഡിലും ജാമിആയിലെ വിദ്യാർഥികളെ അയക്കാൻ ഹുദൂർ നിർദേശിച്ചു.

ഹുദൂർ അൻവർ ഖുദ്ദാമിന് നിർദേശം നല്കിക്കൊണ്ടു പറഞ്ഞു:നിങ്ങൾക്കെവിടെയൊക്കെ അവസരം കിട്ടിയാലും നോട്ടീസ് വിതരണം ചെയ്യുക. സ്റ്റേഷനിലും മറ്റു സ്ഥലങ്ങളിലുമെല്ലാം.

ഹുദൂർ പറഞ്ഞു:തദ്ദേശ ഭരണസമിതി അംഗങ്ങൾ, കൗൺസിലർമാർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് വൃക്ഷങ്ങൾവച്ചു പിടിപ്പിക്കാനുള്ള പ്രോഗ്രാം ഉണ്ടാക്കുക. പാർക്കിലും വൃക്ഷത്തെകൾ നടുക. എന്നാൽ, നിങ്ങളെകുറിച്ച് ആളുകൾ അറിയാൻ തുടങ്ങും. തബ്ലീഗിനുള്ള വഴി തുറക്കുകയും ചെയ്യും.

ഹുദൂർ പറഞ്ഞു:നിങ്ങളിവിടെ ബ്ലഡ് കാമ്പയിൻ ഓർഗനൈസ് ചെയ്യുക. ഇവിടെ മലേറിയ കാരണത്താൽ ഏഷ്യക്കാരുടെ രക്തം എടുക്കുന്നില്ലെങ്കിൽ തദ്ദേശവാസികൾ വന്ന് ബ്ലഡ് കൊടുക്കുക. അയൽവാസികൾ വന്ന് നിങ്ങളോടൊപ്പം പങ്കുചേരും. ഇപ്രകാരം നിങ്ങളുടെ ഈ പരിപാടി ഓർഗനൈസായിരിക്കും. പരിചയപ്പെടുത്താനും ബന്ധപ്പെടാനും ഒരു മാർഗവുമാകും.

മുഹ്തമിം മാലിനോടു ഹുദൂർ ബജറ്റിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഖുദ്ദാമിന്റെ ബജറ്റ് 10500 യൂറോ ആണ്. ഹുദൂർ അൻവർ പറഞ്ഞു:നിങ്ങളുടെ കൈയിൽ വരുമാനമുള്ളവരെത്ര? ഇല്ലാത്തവരെത്ര? വിദ്യാർഥികളെത്ര? വിദ്യാർഥികളല്ലാത്ത കുട്ടികളെത്ര? ജോലിയില്ലത്തവരെത്ര? എന്ന റെക്കോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

മുഹ്തമിം ഖിദ്മത്തെ ഖൽഖിന് മാർഗനിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു:ചാരിറ്റി വാക്കിന്റെ പരിപാടി വെക്കുക. ഖുദ്ദാം തങ്ങളുടെ വസ്ത്രം ധരിച്ചുകൊണ്ട് പോകുക. ക്യാമ്പിൽ പറയുന്ന വാക്കുകൾ നിങ്ങളുടെ സംഘടനയുടെ അടയാളം വിളിച്ചോതുന്നതായിരിക്കണം. ഹുദൂർ അൻവർ പറഞ്ഞു:നിങ്ങൾ നിങ്ങളുടെ നാടിന്റെ ചുറ്റുപാടുകളും അവസ്ഥകളും അനുസരിച്ച് സ്വയം പുതിയപുതിയ വഴികൾ കണ്ടെത്തണം.

ഹുദൂർ അൻവർ പറഞ്ഞു:ഞാൻ വിവിധ നാടുകളിൽ നടത്തിയ പര്യടനത്തിന്നിടയിൽ ഖുദ്ദാമിന്റെ മജ്ലിസെ ആമിലായുടെ മീറ്റിംഗുകളിൽ വളരെ വിശദീകരിച്ച് നിർദേശങ്ങൾ കൊടുത്തിരുന്നു. അത് അൽഫള്‌ലിൽ പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. ആ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ ശുഅ്ബകളും തങ്ങളുടെ പ്രോഗ്രാമുണ്ടാക്കുക.

ഹുദൂർ അൻവർ പറഞ്ഞു:തീരുമാനമെടുക്കുക. പ്രവർത്തിക്കുക. നിങ്ങളുടെ മാതൃകകാണിക്കുക.നമസ്കാരങ്ങളിലേക്ക് ശ്രദ്ധിക്കുക. ദുആയോടുകൂടി എല്ലാ പ്രവർത്തനങ്ങളും ആരംഭിക്കുക. ദൃഢനിശ്ചയത്തോടെ ജോലി ചെയ്യുക.

എക്സിബിഷനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു:ശരി, എക്സിബിഷൻ സംഘടിപ്പിക്കുക. ജമാഅത്തിനെ പരിചയപ്പെടുത്താൻ പറ്റുന്ന കാര്യങ്ങളാണ് അതിലുണ്ടായിരിക്കേണ്ടത്. തബ്ലീഗിനുള്ള വഴി തുറക്കുകയും വേണം. അതുകൊണ്ട് നിങ്ങൾ പ്രദർശനം നടത്തേണ്ടതാണ്. അല്ലെങ്കിൽ ചാരിറ്റി വാക് ചെയ്യണം. അല്ലെങ്കിൽ സ്റ്റാളിടണം. അല്ലെങ്കിൽ വേറെ എന്തെങ്കിലും പരിപാടി നടത്തണം. ഇതെല്ലാം സംഘടിപ്പിക്കേണ്ടത് തബ്ലീഗിനുള്ള വഴി തുറക്കുന്നതിനായിരിക്കണം.

ഹുദൂർ പറഞ്ഞു:തബ്ലീഗിന് എല്ലാ തരത്തിലുള്ള ലിറ്ററേച്ചുകളും കൊടുക്കേണ്ടതാണ്. ആദ്യം ആർക്കാണോ കൊടുക്കുന്നത് അവരുടെ താൽപര്യമെന്താണെന്ന് അറിയണം.

ഇസ്‌ലാമിനാണ് താൽപര്യമെങ്കിൽ ഇസ്‌ലാം മത തത്ത്വജ്ഞാനം നല്കണം. ഇനി എക്ണോമിക്സിലാണ് താൽപര്യമെങ്കിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഗ്രന്ഥങ്ങൾ നല്കണം. സമാധാനം സ്ഥാപിക്കുന്നതിലാണ് താൽപര്യമെങ്കിൽ *വേൾഡ് ക്രൈസിസ് ആന്റ് ദ പാത്ത്‌വെ ടു പീസ്* നല്കണം. ഓരോരുത്തർക്കും അവരുടെ താൽപര്യമനുസരിച്ചാണ് പുസ്തകങ്ങൾ

നല്കേണ്ടത്.

ഹുദൂർ അൻവർ പറഞ്ഞു:ഇതുവരെ ഇവിടുത്തെ തദ്ദേശ വാസികളുമായും ഭരണാധികാരികളുമായും നിങ്ങൾക്കുണ്ടായിക്കഴിഞ്ഞിരിക്കുന്ന പരിചയം വർധിപ്പിക്കുക. ഉണ്ടായിട്ടുള്ള ബന്ധം ഇല്ലാതാകാൻ വിടരുത്.

ഹുദൂർ അൻവർ പറഞ്ഞു:വിദ്യഭ്യാസ സ്ഥാപനങ്ങളിലും പബ്ലിക് ലൈബ്രറികളിലും ഗ്രന്ഥങ്ങൾ വെക്കുക. ഇസ്‌ലാം മതതത്ത്വജ്ഞാനം, Life of Muhammad, Islam's Responce to contemprory Issues pathway to peace, The Blessed Model of the Holy Prophet Muhammad, ISlam and the Caricatures എന്നിവയും വായനശാലകളിൽ വെപ്പിക്കുക.

ഹുദൂർ അൻവർ പറഞ്ഞു:Life of Muhammad മജ്‌ലിസ് അൻസ്വാറുല്ലാഹ് യു.കെ. ലക്ഷമോ ഒന്നരലക്ഷമോ സ്വയം പ്രസിദ്ധീകരിച്ച് വിതരണം ചെയ്തു. ജമാഅത്തിൽനിന്ന് ഒരുചെലവും വാങ്ങിയില്ല.നിങ്ങൾക്ക് ഈ പുസ്തകം കുറഞ്ഞ വിലയിൽ കിട്ടണമെങ്കിൽ അൻസ്വാറുല്ലാഹ് യു.കെയോടു പറയുക. അവർ നിങ്ങൾക്ക് നല്കുന്നതായിരിക്കും. ഈ ഗ്രന്ഥം യു.കെ യിൽനിന്ന് വാങ്ങുക. ഈ ഗ്രന്ഥം ഇവിടേയും വിതരണം ചെയ്യേണ്ടതാണ്.

നഷണൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ മീറ്റിംഗ് പതിനൊന്നര മണിക്ക് സമാപിച്ചു. അവസാനം ആമില അംഗങ്ങൾ ഹുദൂറുമായി ഗ്രൂപ്പ് ഫോട്ടോയുമെടുത്തു.

ഇതിനുശേഷം അയർലാൻഡ് മജ്‌ലിസെ ആമില അൻസ്വാറുല്ലായുമായുള്ള ഹുദൂറിന്റെ മീറ്റിംഗ് ആരംഭിച്ചു.

ഹുദൂർ ദുആ ചെയ്യിച്ചു. പിന്നീട് ഖാഇദെ ഉമൂമിയോടു ഹുദൂർ മജ്‌ലിസിലെ അംഗങ്ങൾ എത്രയാണെന്ന് ചോദിച്ചു. ഖാഇദെ ഉമൂമി പറഞ്ഞു:ഞങ്ങളുടെ മൂന്നു മജ്‌ലിസുണ്ട്. അൻസ്വാറിന്റെ അംഗസംഖ്യ 49 ആണ്. ഞങ്ങൾക്ക് പ്രവർത്തന റിപ്പോർട്ട് ലഭിക്കുന്നുണ്ട്.

തർബിയ്യത്ത് സെക്രട്ടറിയോടു ഹുദൂർ തർബിയ്യത്തുപരമായ പരിപാടികളെ കുറിച്ച് ചോദിച്ചു. നിർദേശം നല്കിക്കൊണ്ടു പറഞ്ഞു:ഏറ്റവുമാദ്യം നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. എല്ലാ അൻസ്വാറും അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരാകണം. പിന്നീട് എം.ടി.എ.യുമായി അവരെ ബന്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കുക. പതിവായി എം.ടി.എ-ൽ വരുന്ന ജുമുഅ ഖുത്ബകളും മറ്റുപ്രഭാഷണങ്ങളും പരിപാടികളും പ്രയോജനപ്പെടുത്തുക.

ഹുദൂർ അൻവർ പറഞ്ഞു: തങ്ങളുടെ കുട്ടികൾക്ക് സ്നേഹത്തോടെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ അൻസ്വാറിനോടു പറയുക. ദേഷ്യത്തോടെയല്ല. കുട്ടികൾ അധികവും വഴിതെറ്റിപ്പോകാൻ കാരണം മാതാപിതാക്കളുടെ ദേഷ്യത്തോടെയുള്ള പെരുമാറ്റമാണ്.

ഹുദൂർ അൻവർ പറഞ്ഞു: വീടുകളിൽ, കുടുംബങ്ങളിൽ മരുമകനും മരുമകളും തമ്മിലുള്ള ബന്ധങ്ങളിൽ ഉലച്ചിലുണ്ടായിക്കൊണ്ടിരിക്കുന്നു. ഇരു കുടുംബങ്ങളിലേയും മുതിർന്നവർ സ്നേഹത്തിന്റെ ചുറ്റുപാടുണ്ടാക്കുകയും നല്ല രീതിയിൽ കുടുംബം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്യുക.

ഹുദൂർ അൻവർ പറഞ്ഞു: വീടുകളിൽ എം.ടി.എ പതിവായി കാണുക. അതിൽ വിവിധ പരിപാടികൾ വരുന്നുണ്ട്. അതിൽ ഏതെങ്കിലുമൊക്കെ പരിഷ്കരണപരമായിട്ടും ശിക്ഷണപരമായിട്ടുമുള്ള പരിപാടികളുമുണ്ട്. അത് അതിന്റെ സ്വാധീനം കാണിക്കുന്നതാണ്............

ഹുദൂർ: സ്വദ്ർ അൻസ്വാറുല്ലാഹ് അയർലാൻഡിനോട് പറഞ്ഞു: യു.കെയിലെ ഇസ്‌ലാമാബാദ് ജമാഅത്തും ഒരു ഫെയറിന്റെ രൂപത്തിലുള്ള പ്രോഗ്രാം തയ്യാറാക്കിയിരുന്നു. അവിടെ ഭക്ഷണ സാധനങ്ങൾ കൂടാതെ സാഹിത്യങ്ങളും വെച്ചിരുന്നു. ആളുകൾ വന്നു. അവർക്കും സാഹിത്യങ്ങൾ നല്കി. അവരിൽ താൽപര്യമുണ്ടായി. ചോദ്യോത്തരങ്ങളും നടന്നു. അവരുമായി ഒരു ബന്ധം സ്ഥാപിതമാകുകയും ഇത് പ്രചാരണത്തിനുള്ള ഒരു മാർഗമാകുകയും ചെയ്തു.

ഇത്തരത്തിലുള്ള പ്രോഗ്രാം ഖുദ്ദാമുൽ അഹ്മദിയ്യാക്കും സംഘടിപ്പിക്കാവുന്നതാണ്. എക്സിബിഷൻ പരിപാടിയായാലും മീനാ ബസാറോ മറ്റേത് തരത്തിലുള്ള പരിപാടിയായാലും യഥാർഥ ലക്ഷ്യവും ഉദ്ദേശ്യവും പ്രചാരണത്തിനു വേണ്ടി ബന്ധങ്ങൾസ്ഥാപിക്കാനായിരിക്കണം. ജനങ്ങളിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കലാകണം നമ്മുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം.......

ഇവിടെ ഓരോ വർഷവും സഊദി അറേബ്യയിൽനിന്ന് 15000 വിദ്യാർഥികൾ പഠിക്കാൻ വരുന്നുണ്ട് എന്ന റിപ്പോർട്ട് ഹുദൂറിന്റെ മുമ്പിൽ അവതരിപ്പിച്ചപ്പോൾ ഹുദൂർപറഞ്ഞു:അവരുമായി ബന്ധം സ്ഥാപിക്കുക. ഇവർ തങ്ങളുടെ സിസ്റ്റത്താൽ FED UP ആണ്. ഇവരിൽ പഠിച്ചവർ വഹാബിസംകൊണ്ടും സലഫിസം കൊണ്ടും പൊറുതിമുട്ടുന്നവരാണ്.

കോർക്ക് ജമാഅത്തിനെ കുറിച്ച്, ആളുകൾക്ക് സംഘടിക്കാൻ അവിടെ സെന്ററില്ലെന്നും തന്മൂലം പ്രചാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആളുകളെ വിളിച്ചുകൂട്ടാൻ സാധിക്കുന്നില്ലെന്നും ഹുദൂറിനോടു പറഞ്ഞു.

ഹുദൂർ പറഞ്ഞു: അവിടെ സ്വന്തം സെന്ററിനു വേണ്ടി സ്ഥലം നോക്കുക. ഏതെങ്കിലും കെട്ടിടം കണ്ടെത്തുക. സ്വന്തം ആവശ്യങ്ങൾക്കനുസരിച്ചുള്ളത് കണ്ടെത്തുക. തുടർന്ന് എന്നോട് വിവരം പറയുക.

ചെലവുകളുമായി ബന്ധപ്പെട്ട് ചില വ്യവസ്ഥാപിതമായ കാര്യങ്ങളെ കുറിച്ച് ഹുദൂർ മാർഗനിർദേശം നല്കി. രാജ്യ തലസ്ഥാനമായ ഡുബ്ലിനിൽ മസ്ജിദ് നിർമിക്കുന്നതുമായി ബന്ധപ്പെട്ടും കൂടുതലായി ഹുദൂർ മാർഗനിർദേശം നല്കി. ജനങ്ങൾക്ക് ചെന്നെത്താൻ സാധിക്കുന്ന പട്ടണത്തിന് പുറത്തുള്ള പ്രദേശങ്ങളിൽ സ്ഥലം നോക്കുക. നമ്മുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്ന തരത്തിലുള്ള സ്ഥലം നോക്കുക.

ആമിലാ അംഗങ്ങളോടു ഹുദൂർ പറഞ്ഞു: പൊതുവെ അഹ്മദികൾക്ക് ജമാഅത്തിന്റെ ഭാരവാഹികളെക്കുറിച്ച് പരാതികളുണ്ട്. നിങ്ങൾ ആളുകളോടു നല്ല രീതിയിലും അനുകമ്പയോടെയും ആത്മാർഥമായ സമീപനം സ്വീകരിക്കുക. ഓരോ വ്യക്തിയുടേയും വാക്കു കേൾക്കുകയും സേവകനായിക്കൊണ്ട് വർത്തിക്കുകയും ചെയ്യുക. സയ്യിദുൽ ഖൗമി ഖാദിമുഹും ജനങ്ങളുടെ നേതാവ് അവരുടെ സേവകനാണെന്ന് നബി(സ)തിരുമേനി അരുളിയിട്ടുണ്ട്.

എല്ലാവരും യു.കെ. ജമാഅത്തിന്റെ മജ്‌ലിസെ ശൂറയിൽ ഞാൻ നല്കിയ പ്രസംഗം കേട്ടിട്ടുണ്ടോ?

നാഷണൽ സ്വദ്ർ സാഹിബ്: ഞങ്ങളെല്ലാവരും ഒരു ആമിലാ മീറ്റിംഗിൽവെച്ച് കേട്ടിരുന്നു.

അഡീഷണൽ സെക്രട്ടറി വഖ്ഫെ ജദീദ് നൗമുബായിഈനോട് ഹുദൂർ പറഞ്ഞു:ഈ വർഷത്തിൽ താങ്കൾക്ക് നല്കുന്ന ബയ്അത്ത് ടാർഗറ്റും 2 ആണ്. രണ്ട് മുറബ്ബിമാർക്കും നിങ്ങൾക്ക് മൂന്നുപേർക്കും ബയ്അത്ത് ടാർഗറ്റ് 2 ആണ്. നിങ്ങൾ മൂന്നുപേരിൽ ആരാണ് ഈ ടാർഗറ്റ് പൂർത്തിയാക്കുന്നതെന്ന് നമുക്ക് നോക്കാം.

01.10-ന് ഈ കൂടിക്കാഴ്ച അവസാനിച്ചു. ഒടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

**ആമീൻ പരിപാടി**

തുടർന്ന് മസ്ജിദ് മർയത്തിലെത്തിയ ഹുദൂർ ആമീൻ പരിപാടിക്കും സമാരംഭം കുറിച്ചു. ചുവടെ ചേർക്കുന്ന ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽനിന്നും ഹുദൂർ ഓരോ ആയത്ത് കേട്ടു. ഒടുവിൽ ദുആ ചെയ്യിച്ചു.

അസീസം ഹാരിഥ് അഹ്മദ്, റൗഹാൻ മലിക്ക്, മഹ്മൂദ് ശർമാ, ബാസിൽ അബ്ദുൽ വദൂദ്,ജഹാംഗീർ റശീദ്, നസ്ർ സയീദ്, അബ്ദുൽ മുഇസ് മലിക്ക്, വലീദ് അഹ്മദ്, ഹംസാ അഹ്മദ്, സഗീർ അഹ്മദ്, ഖാഖാൻ അഹ്മദ്, അസീസ് ജാദിബാ ഖാൻ, ദാനിയാ അഹ്മദ്, ലബീബാ ഇഫ്തിഖാർ, സംറാ ഖാൻ, അസീസാ തൻസീല.

ഒരു ഐറിഷ് യുവാവ് യൂസുഫ് പെൻറ്റർ സാഹിബ് കുറച്ചു വർഷം മുമ്പേ ബയ്അത്ത് ചെയ്തിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹം വിശുദ്ധ ഖുർആൻ പഠിച്ചു. ഖുർആൻ പൂർണമായും ഓതിത്തീർത്തു. ഹുദൂർ വാത്സല്യപൂർവം അദ്ദേഹത്തിൽനിന്നും ഏതാനും വചനങ്ങൾ ഓതിക്കേട്ടു. തുടർന്ന് ഹുദൂർ ദുആ ചെയ്യിച്ചു.

ശേഷം ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംആയി ഹുദൂർ നമസ്കരിപ്പിച്ചു. തുടർന്ന് മസ്ജിദിൽ നിന്ന് ഹുദൂർ പുറത്തുവരുമ്പോൾ മസ്ജിദിന്റെ സൗണ്ട് സിസ്റ്റം നിയന്ത്രിക്കുന്ന ഐറിഷ് യുവാവ് ഹുദൂറിന് കൈകൊടുത്തു. ഹുദൂർ അദ്ദേഹത്തിന് ദ കോൺഫ്രൻസ് ഓഫ് വേൾഡ് റിലീജ്യൻസ് (ഗിൽഡ് ഹാൾ) എന്ന ഗ്രന്ഥം നല്കി.

ഹുദൂറിന്റെ സന്ദർശനവും പരിപാടികളും കവറേജ് ചെയ്യാനും തൽസമയസംപ്രേഷണം ചെയ്യുന്നതിനുമായി ലണ്ടനിൽനിന്ന് അയർലാൻഡിൽ വന്ന എം. ടി. എ ഇന്റർനാഷണൽ ടീം മസ്ജിദിന് പുറത്തെവളപ്പിൽ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി.

ശേഷം അയർലാൻഡ് മുബല്ലിഗുമാരായ ഇബ്റാഹീം നൂനൻ സാഹിബും റബീബ് അഹ്മദ് മിർസാ സാഹിബും ഗാൽവെ ലോക്കൽ മജ്‌ലിസെ ആമിലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സംതൃപ്തരായി. യു.കെ. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉമൂമി വിഭാഗത്തിന്റെ അഞ്ച് ഖാദിമീങ്ങളടങ്ങുന്ന സെക്യൂരിറ്റി ടീം ഹുദൂറിനെ ഈ സന്ദർശനത്തിൽ അനുഗമിച്ചിരുന്നു. ഈ ടീമും ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് തൃപ്തരായി.

ഈ അവസരത്തിൽ അവിടെ ഹാജരായിരുന്ന ജമാഅത്ത് സഹോദരങ്ങളും ഹുദൂറുമൊത്ത് ഗ്രൂപ്പ് ഫോട്ടോ എടുത്തു.

ഹുദൂർ മസ്ജിദ് മർയമിൽനിന്ന് തിരിച്ച് ഹോട്ടലിൽപോകുന്നതിന് വാഹനത്തിനടുത്തെത്തിയപ്പോൾ സൗണ്ട് സിസ്റ്റം നിയന്ത്രിക്കുന്ന ഐറിഷ് യുവാവ് ഹുദൂറിന്റെ അടുക്കൽ വന്നു. ഫോട്ടോ എടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഹുദൂർ സ്നേഹത്തോടെ അദ്ദേഹത്തിനോടൊപ്പം ഫോട്ടോ എടുക്കാൻ അവസരം നല്കി. ഇതിൽ അദ്ദേഹം വളരെ സന്തോഷവാനായി. ഹുദൂറിനെ കണ്ടതിലും ഒപ്പം നമസ്കരിക്കാൻ സാധിച്ചതിലും മുമ്പേ തന്നെ സന്തോഷം പ്രകടിപ്പിച്ച അദ്ദേഹം തനിക്ക് അവിടെ അല്ലാഹുവിനെ കാണാൻ കഴിഞ്ഞെന്നും പറഞ്ഞിരുന്നു. ശേഷം ഹുദൂർ ഹോട്ടലിലേക്ക് പോയി.

**ഹുദൂർ ഗാൽവേയിൽ നിന്ന് ഡുബ്ലിനിലേക്ക്**

ഇന്ന് ഹുദൂർ ഗാൽവേയില് നിന്ന് ഡുബ്ലിനിലേക്ക് പോകുന്ന ദിനമായിരുന്നു. 03.50ന് ഹുദൂർ താമസ സ്ഥലത്തു നിന്നും പുറത്തു വന്നു. ഗാൽവേ ജമാഅത്തിലെ ആബാല വൃന്ദം സഹോദരി സഹോദരന്മാർ പ്രിയപ്പെട്ട ഹുദൂറിന് യാത്രയയപ്പ് നൽകാൻ ഹോട്ടൽവളപ്പിലെത്തിയിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും കോറസായി

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2023-2025 Vol-9 Thursday 4 April 2024 Issue-14

MANAGER
Sheik Mujahid
Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പ്രാർഥനാ കാവ്യങ്ങളും യാത്രയയപ്പ് ഗീതങ്ങളും ആലപിച്ചുകൊണ്ടിരുന്നു. ഹുദൂർ കൈകളുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞ്, ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ഇവിടെനിന്ന് ഡൂബ്ലിനിലേക്ക് യാത്രയായി.

ഗാൽവേയിൽനിന്ന് ഡൂബ്ലിനിലേക്കുള്ള ദൂരം 120 മൈലാണ്. ഒരു മണിക്കൂർ 50 മിനിറ്റ് യാത്രക്ക് ശേഷം 05.40ന് ഹുദൂർ ഡൂബ്ലിനിലെ കാസിൽനോക്ക് ഹോട്ടലിലെത്തി. ഇവിടുത്തെ ജമാഅത്ത് സഹോദരന്മാരും സഹോദരിമാരും കുട്ടികളും ഹുദൂറിനെ സ്വീകരിക്കാൻ അവിടെ തയ്യാറായിനിന്നിരുന്നു. അവർ ഹുദൂറിനെ സ്വാഗതംചെയ്ത് വരവേറ്റു.

ഡോക്ടർ അബ്ദുൽ മുൻയിം സാഹിബ് തന്റെ സ്നേഹിതന്മാരോടൊപ്പം ഈ അവസരത്തിൽ ഹാജരായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഡോക്ടർ റൂബീനാ സാഹിബയുടെ വഫാത്തിൽ ഹുദൂർ അദ്ദേഹത്തെ അനുശോചനം അറിയിച്ചു. ഡോക്ടർ റൂബീനാ സാഹിബയുടെ ബന്ധുക്കളേയും ഹുദൂർ അനുശോചനം അറിയിച്ചു. അവരുടെ രണ്ട് വാഖ്ഫെ നൗ മക്കളേയും ഹുദൂർ മാറോടണച്ച് സ്നേഹം പകർന്നു.

മർഹൂമ റൂബീനയുടെ ബന്ധുക്കൾക്ക് ഹുദൂറിന്റെ സഹധർമ്മിണി ഹദ്റത്ത് ബീഗം സാഹിബയും അനുശേചനം അറിയിച്ചു. അവരുടെ രണ്ടു മക്കളേയും അടുത്ത് വിളിച്ചു വരുത്തി സ്നേഹം നല്കി. ശേഷം ഹോട്ടലിലെ താമസസ്ഥലത്തേക്ക് നീങ്ങി.

ഡോക്ടർ റൂബീനാ കരീം സാഹിബ 2014 സെപ്റ്റംബർ 27ന് അയർലാൻഡിൽ വഫാത്തായി. നീണ്ടകാലം അയർലാൻഡ് ലജ്നാ ഇമാഇല്ലായുടെ ജനറൽസെക്രട്ടറിയും സെക്രട്ടറി മാലായും സേവനം നിർവഹിച്ച അവർ വഫാത്തുവരെ ഈസ്റ്റ് റീജ്യണിന്റെ പ്രാദേശിക ലജ്നാ ഇമാഇല്ലാഹ് നാഇബ് സ്വദ്ർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചു. തന്റെ വഫാത്തിനു മൂന്നുനാലു ദിവസങ്ങൾക്കു മുമ്പേ ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യവും അവർക്കു ലഭിച്ചിരുന്നു.

08.00 മണിക്ക് ഹുദൂറിന്റെ നേതൃത്വത്തിൽ മഗ്രിബ്-ഇശാ നമസ്കാരങ്ങൾ നിർവഹിച്ചു. തുടർന്ന് ഹോട്ടൽ ലോബിയിൽവന്ന ഹുദൂർ അയർലാൻഡ് ജമാഅത്ത് നാഷണൽ സ്വദ്ർ ഡോക്ടർ മുഹമ്മദ് അൻവർ മലിക്ക് സാഹിബിനും സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് അയർലാൻഡ് ഡോക്ടർ അലീമുദ്ദീൻ സാഹിബിനും മുബല്ലിഗ് ഇൻചാർജ് ഇബ്റാഹീം നൂനൻ സാഹിബിനും മുബല്ലിഗ് റബീബ് അഹ്മദ് മിർസാ സാഹിബിനും പ്രാർഥനാ വാക്കുകളും *ദ കോൺഫ്രൻസ് ഓഫ് വേൾഡ് റിലീജ്യൺസ്*(ഗിൽഡ്ഹാൾ)എന്ന ഗ്രന്ഥവും സമ്മാനിച്ചു.ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**2014 സെപ്റ്റംബർ 29 തിങ്കളാഴ്ച**

രാവിലെ 06.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്ത് മടങ്ങിയെത്തി. ഇന്ന് ഹുദൂർ ഡൂബ്ലിനിൽനിന്ന് ലണ്ടനിലേക്ക് മടങ്ങുന്ന ദിനമാണ്. ഹുദൂറിന് യാത്രയയപ്പ് നല്കാൻ ജമാഅത്തംഗങ്ങൾ ആബാലവൃന്ദം ഹോട്ടൽ മുറ്റത്ത് തടിച്ചുകൂടിയിരുന്നു. 06.20-ന് ഹുദൂർ പുറത്തുവന്നു. ഹുദൂർ കൈകളുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. ദുആക്ക് നേതൃത്വം നല്കി. യാത്രാ സംഘം ഡൂബ്ലിൻ തുറമുഖത്തേക്ക് പുറപ്പെട്ടു.

07.10ന് പോർട്ടിലെത്തി. വി.ഐ.പി പ്രോട്ടോക്കോൾ പ്രകാരം പോർട്ടിന്റെ ഒരു സെക്യൂരിറ്റി വാഹനം യാത്രാ സംഘത്തിന് അകമ്പടിസേവിക്കുകയും ഫെറിക്കുള്ളിലേക്ക് ആനയിക്കുകയും ചെയ്തു. യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ആദ്യം ഐറിഷ് ഫെറിയിൽ ബോർഡ് ചെയ്തു.

ഫെറിയുടെ സുപ്രധാന പ്രോട്ടോക്കോൾ സ്റ്റാഫ് ഹുദൂറിനെ സ്വാഗതം ചെയ്തു. പ്രത്യേക അപ്പാർട്ടമെന്റിലേക്ക് ഹുദൂർ പോയി.

12 നിലകളുള്ള ഈ ഐറിഷ് കപ്പൽ 08.10ന് ബ്രിട്ടനിലെ ഹോളിഹെഡ് പോർട്ടിലേക്ക് യാത്രയായി. ഇതിന്റെ ആദ്യ 6 നിലകൾ കാറുകളും ട്രക്കുകളും പാർക്ക് ചെയ്യുന്നതിന് മാത്രമുള്ളതാണ്. ബാക്കി 6 എണ്ണം യാത്രക്കാർക്കുവേണ്ടിയും. ഇതിൽ വിവിധ ലോഞ്ചുകളും കഫെകളും റെസ്റ്റോറന്റും ഷോപ്പുകളു മുണ്ട്. ഇതിന്റെ നീളം 209 മീറ്ററും ഉയരം 51 മീറ്ററുമാണ്. ഈ കപ്പലിൽ 2000 പേർക്ക് യാത്ര ചെയ്യാൻ സൗകര്യമുണ്ട്. 1342 കാറുകളും 240 ട്രക്കുകളും പാർക്ക് ചെയ്യാനുള്ള സൗകര്യവും ഇതിലുണ്ട്. ട്രക്കുകൾ ഒഴിവാക്കിയാൽ ഏകദേശം 1800 കാറുകൾക്ക് പാർക്ക് ചെയ്യാൻ സാധിക്കും.

ഏകദേശം മൂന്ന് മണിക്കൂറും 25 മിനിറ്റും യാത്രക്കുശേഷം 11.35-ന് ഹോളിഹെഡ് തുറമുഖത്തിൽ ഫെറി നങ്കൂരമിട്ടു. സ്പെഷ്യൽ പ്രോട്ടോക്കോളനുസരിച്ച് ആദ്യം ഹുദൂറിന്റെ യാത്രാ വാഹനങ്ങൾ പുറത്തുവന്നു.

ആദരണീയരായ ഡോക്ടർ നസ്വീർ അഹ്മദ് റീജ്യണൽ അമീർ യൂ.കെ നോർത്ത് ഹുദൂറിനെ വരവേൽക്കാൻ സന്നിഹിതനായിരുന്നു.

(അവലംബം:ബദ്ർ ഉർദു 2014 നവംബർ 13 )

**ഓരോ ആരാധനയുടേയും ഇടം**
**അല്ലാഹുവിന്റെ ഭവനമാണ്**

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്‌ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരു കടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്‌ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെമേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഡമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഡമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്‌ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നു.

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ്അൽഖാമിസ് അയ്യദഹുല്ലാഹ്)**

**കരുളായി ഫള്‌ലെ ഉമർ പബ്ലിക് സ്കൂൾ**
**പുതിയ ബാച്ച് തുടങ്ങുന്നു.**

മലപ്പുറം ജില്ലയിലെ കരുളായി ഫള്‌ലെ ഉമർ പബ്ലിക് സ്കൂളിന്റെ കീഴിൽ കേരളത്തിലെ അഹ്മദി ആൺകുട്ടികൾക്കുവേണ്ടി 4-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ സി.ബി.എസ്സ്.സി സിലബസ് അനുസരിച്ച് നല്ല നിലവാരമുള്ള വിദ്യഭ്യാസവും അതിനോടനുബന്ധിച്ച് അറബി ഉർദു ഭാഷാ പഠനവും ദീനീവിദ്യഭ്യാസവും മസ്ജിദുമായി സ്ഥിരം ബന്ധപ്പെടാനുള്ള അവസരവും ഒരുക്കിക്കൊണ്ട് റെസിഡൻഷ്യയിൽ രീതിയിൽ ക്ലാസ്സുകൾ തുടങ്ങാനാഗ്രഹിക്കുന്നു. വഖ്ഫെനൗ കുട്ടികൾക്കും ജാമിഅയിൽ പോകാനാഗ്രഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും അഹ്മദികളുമായി സുദൃഢബന്ധം ഉണ്ടാക്കുന്നതിനും ഇത് പ്രയോജനപ്രദമായിരിക്കും. താൽപര്യമുള്ള രക്ഷിതാക്കൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ച് താൽപര്യം അറിയിച്ച് ഉറപ്പുപറയുകയാണെങ്കിൽ സ്കൂൾ മാനേജിംഗ് കമ്മിറ്റി ഇതുമായി മുന്നോട്ടു പോകുന്നതായിരിക്കും. 20 കുട്ടികളുള്ള ഒരു റസിഡൻഷ്യൽ ബാച്ചു തുടങ്ങാനാണ് ആദ്യം ഉദ്ദേശിക്കുന്നത്. വിവരം അറിയിക്കേണ്ട അവസാന തിയതി 2024 ഏപ്രിൽ 15.

ഫോൺ നമ്പർ: 9446158818
സി. എച്ച്, സിദ്ദീഖ്, ചെയർമാൻ
ഫള്‌ലെ ഉമർ പബ്ലിക് സ്കൂൾ
കരുളായ്, മലപ്പുറം ജില്ല

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin